പതിനാലാം കേരള നിയമസഭ

ഇരുപത്തിരണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.270 — 12.01.2021 ൽ മറുപടിക്ക്

## സർക്കാർ ആശുപത്രികളുടെ നവീകരണ പ്രവർത്തനങ്ങൾ

| ചോദ്യം<br>ശ്രീ. പി.വി.അൻവർ: | | ഉത്തരം<br>കെ.കെ. ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി) | |
|---|---|---|---|
| (എ) | ഈ സർക്കാർ വന്നതിനുശേഷം സംസ്ഥാനത്തെ മെഡിക്കൽ കോളേജ് ആശുപത്രികളെയും മറ്റു സർക്കാർ ആശുപത്രികളെയും മികവിന്റെ കേന്ദ്രങ്ങളാക്കി മാറ്റുന്നതിന് നടത്തിവരുന്ന പ്രവർത്തനങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ; | (എ) | സംസ്ഥാനത്തെ മെഡിക്കൽ കോളേജുകളുടെയും ജനറൽ-ജില്ലാ ആശുപത്രികളുടെയും അടിസ്ഥാന സൗകര്യം വർദ്ധിപ്പിക്കുന്നതിനായി ആർദ്രം മിഷന്റെ ഭാഗമായി രോഗികൾക്ക് വിശ്രമിക്കുന്നതിനാവശ്യമായ കാത്തിരിപ്പ് മുറികൾ, ഒ.പി. രജിസ്ട്രേഷൻ കൗണ്ടറുകൾ രോഗീ സൗഹൃദശുചിമുറികൾ, സ്ത്രീകൾക്കും പുരുഷൻമാർക്കും പ്രത്യേക ശുചിമുറികൾ, ഭിന്നശേഷിക്കാർക്ക് ഉപയോഗിക്കുന്നതിനായി റാംപ് നിർമ്മാണം, രോഗിയുടെ സ്വകാര്യത ഉറപ്പ് വരുത്തുന്നതിനാവശ്യമായ പരിശോധന മുറികൾ, കാത്തിരിപ്പ് മുറികളിൽ രോഗികൾക്ക് നിർദ്ദേശങ്ങൾ നൽകുന്നതിനുതകുന്ന രീതിയിൽ ടെലിവിഷൻ സ്ഥാപിക്കൽ, എയർപോർട്ട് ചെയർ, മറ്റു കസേരകൾ ലഭ്യമാക്കൽ, കുടിവെള്ള വിതരണം എന്നിവ നടപ്പിലാക്കുന്നു. കൂടാതെ മെച്ചപ്പെട്ട ലാബ് സൗകര്യങ്ങൾ, നഴ്സുമാരുടെ പ്രീ-ചെക്കപ്പ്, കൗൺസലിംഗ് സംവിധാനം, ഫാർമസി, ഇമ്മ്യൂണൈസേഷൻ മുറി എന്നീ സൗകര്യങ്ങൾ ഏർപ്പെടുത്തി വരുന്നു. ആർദ്രം പദ്ധതിയുടെ ഭാഗമായി പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ കുടുംബാരോഗ്യകേന്ദ്രങ്ങളാക്കി മാറ്റുമ്പോൾ രോഗികൾക്ക് വിശ്രമിക്കുന്നതിനാവശ്യമായ കാത്തിരിപ്പ് മുറികൾ, ഒ.പി. രജിസ്ട്രേഷൻ കൗണ്ടറുകൾ, രോഗീ സൗഹൃദ ശുചിമുറികൾ, സ്ത്രീകൾക്കും പുരുഷൻമാർക്കും പ്രത്യേക ശുചിമുറികൾ, ഭിന്നശേഷിക്കാർക്ക് ഉപയോഗിക്കുന്നതിനായി റാംപ് നിർമ്മാണം, പ്രീ-ചെക്കപ്പ്, കൗൺസലിംഗ് സംവിധാനം, രോഗിയുടെ സ്വകാര്യത ഉറപ്പ് വരുത്തുന്നതിനാവശ്യമായ പരിശോധന മുറികൾ, ഇൻജക്ഷൻ റൂം, ഡ്രസ്സിംഗ് റൂം, ഒബ്സർവേഷൻ റൂം, നഴ്സസ് സ്റ്റേഷൻ, ലാബ്, |

| | | | |
|---|---|---|---|
| | | | ഫാർമസി, ലാബ് വെയിറ്റിംഗ് ഏരിയ, കാത്തിരിപ്പ് മുറികളിൽ രോഗികൾക്ക് നിർദ്ദേശങ്ങൾ നൽകുന്നതിനുതകുന്ന രീതിയിൽ ടെലിവിഷൻ സ്ഥാപിക്കൽ, എയർപോർട്ട് ചെയർ, മറ്റു കസേരകൾ ലഭ്യമാക്കൽ, കുടിവെള്ള വിതരണം എന്നിവ നടപ്പിലാക്കുന്നു. കൂടാതെ ഇമ്മ്യൂണൈസേഷൻ, ശ്വാസ്, ആശ്വാസ്, സമ്പൂർണ്ണ മാനസികാരോഗ്യ പദ്ധതികൾ എന്നിവയും ലഭ്യമാക്കി വരുന്നു. കൂടാതെ ദിശാബോർഡ്, പബ്ലിക് അഡ്രസ്സിംഗ് സിസ്റ്റം എന്നിവയും ആർദ്രം പദ്ധതി പ്രകാരം നടത്തി വരുന്നു. സംസ്ഥാനത്തെ സർക്കാർ ആശുപത്രികളെ മികവിന്റെ കേന്ദ്രങ്ങളാക്കി മാറ്റുന്നതിനായി ഈ സർക്കാർ കൈക്കൊണ്ടിട്ടുള്ള നിരവധിയായ പ്രവർത്തനങ്ങൾ സംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധം - I ആയി വച്ചിട്ടുണ്ട്. കേരളത്തിലെ സർക്കാർ മെഡിക്കൽ കോളേജ് ആശുപത്രികളെ മികവിന്റെ കേന്ദ്രങ്ങളായി മാറ്റുന്നതിനായി നടത്തിയ വികസന പ്രവർത്തനങ്ങൾ അനുബന്ധം - II ആയി ചേർക്കുന്നു. |
| (ബി) | ഇതിന്റെ ഭാഗമായി സംസ്ഥാനത്തെ ഏതെല്ലാം ആശുപത്രികളെയും മെഡിക്കൽകോളേജ് ആശുപത്രികളെയും നവീകരിക്കുന്നതിന് കഴിഞ്ഞിട്ടുണ്ടെന്ന് വ്യക്തമാക്കുമോ? | (ബി) | **ആർദ്രം മിഷൻ മെഡിക്കൽ കോളേജുകളിലെ ഒ.പി പരിവർത്തനം**<br>തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ, കോട്ടയം, എറണാകുളം, തൃശ്ശൂർ, മഞ്ചേരി, കോഴിക്കോട് മുതലായ 8 മെഡിക്കൽ കോളേജുകളുടെ ഒ.പി വിഭാഗം നവീകരിച്ചിട്ടുണ്ട്.<br><br>**ജില്ലാ/ജനറൽ ആശുപത്രികളിലെ ഒ.പി പരിവർത്തനം**<br>• [illegible] ഡി.എച്ച് കൊല്ലം, ജി.എച്ച് കോട്ടയം, ജി.എച്ച് തൃശ്ശൂർ, ഡി.എച്ച് തിരൂർ, ജി.എച്ച് കൽപ്പറ്റ, ഡി.എച്ച് തലശ്ശേരി, ജി.എച്ച്. കാസർഗോഡ് എന്നിവിടങ്ങളിലെ ഒ.പി പരിവർത്തന പ്രവർത്തികൾ പൂർത്തിയായി.<br>• ജി.എച്ച് തിരുവനന്തപുരം, ജി. എച്ച് പത്തനംതിട്ട, ജി.എച്ച് ആലപ്പുഴ, ഡി,എച്ച് തൊടുപുഴ, ഡി.എച്ച്. പാലക്കാട്, ജി.എച്ച്. കോഴിക്കോട്, ഡി.എച്ച് മാനന്തവാടി, ഡി.എച്ച് കാഞ്ഞങ്ങാട് എന്നിവിടങ്ങളിൽ നിർമ്മാണ പ്രവർത്തികൾ അവസാന ഘട്ടത്തിലാണ്.<br>**പി.എച്ച്.സി. കളെ കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി മാറ്റുന്ന പ്രവൃത്തികൾ**<br>സംസ്ഥാനത്ത് 2017-18 വർഷത്തിൽ കുടുംബാരോഗ്യകേന്ദ്രങ്ങളാക്കി മാറ്റുന്നതിന് |

170 പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ തെരഞ്ഞെടുക്കുകയും ആയതിൽ 164 എണ്ണത്തിന്റെ പണികൾ പൂർത്തീകരിച്ച് കുടുംബാരോഗ്യ കേന്ദ്രമാക്കി ഉയർത്തിയിട്ടുണ്ട്. ബാക്കിയുള്ള 6 എണ്ണത്തിന്റെ നിർമ്മാണ പ്രവൃത്തികൾ വിവിധ ഘട്ടങ്ങളിലായി പുരോഗമിച്ചു വരുന്നു. 2018-19 വർഷത്തിൽ കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി മാറ്റുന്നതിന് 504 പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ തെരഞ്ഞെ ടുക്കുകയും ആയതിൽ 235 എണ്ണത്തിന്റെ പണികൾ പൂർത്തീകരിച്ച് കുടുംബാരോഗ്യ കേന്ദ്രമാക്കി ഉയർത്തിയിട്ടുണ്ട്. 104 എണ്ണത്തിന്റെ നിർമ്മാണ പ്രവർത്തികൾ പുരോഗമിച്ചു വരുന്നു. ബാക്കിയുള്ളവയുടെ നിർമ്മാണ പ്രവർത്തികൾ ഉടൻ ആരംഭിക്കുന്നതാണ്. 2019-20 വർഷത്തിൽ കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി മാറ്റുന്നതിന് 212 പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ തെരഞ്ഞെടുത്തിട്ടുണ്ട്. ആയതിന്റെ പ്രാഥമിക നടപടികൾ സ്വീകരിച്ചു വരുന്നു.

**താലൂക്ക് ആശുപത്രികളുടെ ഒ.പി. പരിവർത്തനം.**

- താലൂക്കാശുപത്രി റാന്നി, പാമ്പാടി, ചാവക്കാട്, പൊന്നാനി, സുൽത്താൻ ബത്തേരി എന്നിവയുടെ നവീകരണ പ്രവർത്തനങ്ങൾ വിവിധ ഘട്ടങ്ങളിലായി പുരോഗമിക്കുന്നു. താലൂക്കാശുപത്രി കോതമംഗലത്തിന്റെ നവീകരണ പ്രവർത്തികൾ പൂർത്തീകരിച്ചു.
- സംസ്ഥാനത്തെ വിവധ ആശുപത്രികളിൽ കിഫ്ബി, നബാർഡ് എന്നീ പദ്ധതികൾ മുഖേന നിർമ്മാണ പ്രവർത്തനങ്ങൾ വിവിധ ഘട്ടങ്ങളിലായി നടപ്പിലാക്കി വരുന്നു. കിഫ്ബി, നബാർഡ് എന്നിവ മുഖേന നവീകരണത്തിനായി തെരഞ്ഞെടുത്തതും, വിവിധ ഘട്ടങ്ങളിലായി നിർമ്മാണ പ്രവർത്തനങ്ങൾ നടന്നു വരുന്നതുമായ സ്ഥാപനങ്ങളുടെ പട്ടിക അനുബന്ധം III ആയി ചേർക്കുന്നു.

സെക്ഷൻ ഓഫീസർ

## സർക്കാർ ആശുപത്രികളെ മികവിന്റെ കേന്ദ്രങ്ങളാക്കി മാറ്റുന്നതിനായി സ്വീകരിച്ച നടപടികൾ

ആർദ്രം പദ്ധതി വഴി ഘട്ടം ഘട്ടമായി സംസ്ഥാനത്തെ മുഴുവൻ പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെയും കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി ഉയർത്തുന്നതിനാണ് ലക്ഷ്യമിട്ടിട്ടുള്ളത്. ആദ്യഘട്ടത്തിൽ 170 പ്രാഥമികാരോഗ്യ കേന്ദ്രങ്ങളും, രണ്ടാംഘട്ടത്തിൽ 504 പ്രാഥമികാരോഗ്യ കേന്ദ്രങ്ങളും, മൂന്നാം ഘട്ടത്തിൽ അവശേഷിക്കുന്ന 212 പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങളും, കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി മാറ്റാൻ തെരഞ്ഞെടുത്തു. ഇവയെ കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി മാറ്റുന്നതിനുള്ള തുടർ പ്രവർത്തനങ്ങൾ സ്വീകരിച്ച് വരുന്നു. ഇതിനു പുറമെ 152 സാമൂഹ്യ ആരോഗ്യ കേന്ദ്രങ്ങളെ ബ്ലോക്ക് തല കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കുന്നതിനുള്ള നടപടിയും സ്വീകരിച്ച് വരുന്നുണ്ട്. ഒരു കുടുംബത്തിലെ എല്ലാപേർക്കും, എല്ലാവിധ അസുഖങ്ങളുടെയും പ്രാഥമിക ചികിത്സയും, ആരോഗ്യ പരിചരണവും ആണ് ഈ കേന്ദ്രങ്ങൾ ലക്ഷ്യമിടുന്നത്. കേരളത്തിൽ ഇന്നിപ്പോൾ വലിയൊരു ആരോഗ്യ പ്രശ്നങ്ങളായി മാറിയ രക്തസമ്മർദ്ദം, പ്രമേഹം തുടങ്ങിയ രോഗങ്ങൾക്കുള്ള ക്ലിനിക്കുകളും, ആസ്ത്മ, മാനസികാരോഗ്യപ്രശ്നങ്ങൾ തുടങ്ങിയവയ്ക്കുള്ള പ്രത്യേക സേവനങ്ങളും ഇവിടങ്ങളിൽ നിലവിൽ വന്നുകൊണ്ടിരിക്കുകയാണ്. ലബോറട്ടറി ടെക്നീഷ്യന്റെ തസ്തിക സൃഷ്ടിച്ച് ലാബ് സർവ്വീസുകൾ ലഭ്യമാക്കുകയും, അധിക ഡോക്ടർമാരെയും സ്റ്റാഫ് നേഴ്സുമാരെയും പുതിയ തസ്തികകൾ സൃഷ്ടിച്ച് നിയമനം നടത്തി സേവനസമയം വൈകിട്ട് 6 മണി വരെ ദീർഘിപ്പിക്കുകയും, സേവന മേഖലകൾ വിപുലപ്പെടുത്തുകയും ചെയ്തു. ഡോക്ടർമാരെയും പാരാമെഡിക്കൽ സ്റ്റാഫിനെയുമൊക്കെ അധികമായി വേണ്ട സ്ഥലങ്ങളിൽ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ മുഖാന്തിരവും ദേശീയ ആരോഗ്യ ദൗത്യം മുഖേനയും താല്കാലികമായി നിയമിക്കുന്നുമുണ്ട്.

ടോക്കൺ സംവിധാനങ്ങൾ, രജിസ്ട്രേഷൻ കൗണ്ടർ രോഗികൾക്ക് മെച്ചപ്പെട്ട ഇരിപ്പിടങ്ങൾ, കുടിവെള്ളം, ടോയ്‌ലറ്റ് സൗകര്യങ്ങൾ, ആരോഗ്യബോധവത്ക്കരണത്തിനുള്ള ആധുനിക സംവിധാനങ്ങൾ, നഴ്സുമാർ വഴിയുള്ള പ്രീ-ചെക്കപ്പ്, സ്വകാര്യതയുള്ള പരിശോധന മുറികൾ, ജീവിതശൈലീരോഗ ക്ലിനിക്, ശ്വാസ് (ശ്വാസം മുട്ടലിന്), ആശ്വാസ് (മാനസിക ആരോഗ്യപരിചരണം) ക്ലിനിക്കുകൾ തുടങ്ങിയ വഴി വലിയൊരു മാറ്റത്തിന് തുടക്കമിട്ടുകഴിഞ്ഞു. രോഗചികിത്സക്ക് മാത്രമല്ല, ആരോഗ്യ വർദ്ധക പ്രവർത്തനങ്ങൾ, രോഗപ്രതിരോധം, സാന്ത്വന പരിചരണം, റീഹാബിലിറ്റേഷൻ എന്നിവയെല്ലാം അടങ്ങുന്ന സമഗ്ര പ്രാഥമിക ആരോഗ്യപരിചരണമാണ് നടപ്പിലാക്കിവരുന്നത്.

എല്ലാ ജില്ലയിലെയും ഓരോ ആശുപത്രിയെ ജില്ലാതല ആശുപത്രിയായി സൗകര്യങ്ങൾ വർദ്ധിപ്പിച്ച് ശക്തിപ്പെടുത്താനും, ഓരോ താലൂക്കിലെയും ഓരോ ആശുപത്രിയെ നിശ്ചിത മാനദണ്ഡങ്ങളോടെ സൗകര്യങ്ങൾ വികസിപ്പിക്കാനുള്ള പ്രവർത്തനങ്ങളും ആർദ്രം മിഷന്റെ ഭാഗമായി നടന്നു വരികയാണ്. ഒരു മാസ്റ്റർ പ്ലാനിന്റെ അടിസ്ഥാനത്തിൽ കെട്ടിടസൗകര്യങ്ങളും, ആശുപത്രി ഉപകരണങ്ങളും ലഭ്യമാക്കാനുള്ള പ്രവർത്തനങ്ങൾ ആരംഭിച്ചു കഴിഞ്ഞു. കിഫ്ബി, പ്ലാൻഫണ്ട്, നബാർഡ്, എം.എൽ.എ, എം.പി ആസ്തി വികസനഫണ്ട് തുടങ്ങിയവവഴി ഈ പ്രവർത്തനങ്ങൾ പുരോഗമിക്കുകയാണ്. ഇവിടങ്ങളിലേക്ക് വേണ്ട അധിക ഡോക്ടർമാരെയും പാരാമെഡിക്കൽ സ്റ്റാഫിന്റെയും തസ്തികകൾ സൃഷ്ടിച്ച് നിയമനം നടത്തുകയുണ്ടായി.

ജില്ലാതല ആശുപത്രികളിൽ കാർഡിയോളജി, കാത്ത്‌ലാബ് സൗകര്യങ്ങളും, നെഫ്റോളജി, ന്യൂറോളജി, യൂറോളജി തുടങ്ങിയ സൂപ്പർ സ്പെഷ്യാലിറ്റി സൗകര്യങ്ങളും നിലവിൽ വന്നുകൊണ്ടിരിക്കുകയാണ്. 7 ജില്ലാതല ആശുപത്രികളിലും, 3 ഗവൺമെന്റ് മെഡിക്കൽ കോളേജുകളിലും കിഫ്ബി വഴിയുള്ള കാത്ത്‌ലാബുകൾ സജ്ജമാക്കുന്ന പ്രക്രിയ പൂർത്തിയായി വരികയാണ്. ഇതിനായി 80

കോടി രൂപ അനുവദിച്ചു. എറണാകുളം മെഡിക്കൽ കോളേജ് ,മഞ്ചേരി മെഡിക്കൽ കോളേജ്, പത്തനംതിട്ട ജനറൽ ഹോസ്പിറ്റൽ, കൊല്ലം ജില്ലാ ആശുപത്രി എന്നിവിടങ്ങളിൽ നിർമ്മാണം പൂർത്തിയായി കാത്ത് ലാബ് പ്രവർത്തനമാരംഭിച്ചു. പാരിപ്പള്ളി മെഡിക്കൽ കോളേജിൽ കാത്ത് ലാബ് നിർമ്മാണ പ്രക്രിയ അന്തിമഘട്ടത്തിലാണ്. ഇതേ സ്കീമിൽ ഉൾപ്പെടുത്തി താലൂക്ക്തല ആശുപത്രികളിൽ 44 ഡയാലിസിസ് കേന്ദ്രങ്ങൾ അധികമായി സജ്ജമാക്കുന്ന പ്രക്രിയയും അന്തിമഘട്ടത്തിലാണ്. ഇതിനായി 69 കോടി രൂപ അനുവദിച്ചു. ഇതിൽ 40 ഡയാലിസിസ് കേന്ദ്രങ്ങളിൽ പണി പൂർത്തിയാക്കി സേവനം നൽകുന്നതിനായി സജ്ജീകരിച്ചിട്ടുണ്ട്. 5 ആശുപത്രികളിൽ ഡയാലിസിസ് ചികിത്സ കേന്ദ്രങ്ങൾ നിർമ്മാണം പൂർത്തിയാക്കിയിട്ടുണ്ട്. 1 ആശുപത്രിയിൽ ഡയാലിസിസ് സൗകര്യം ഏർപ്പെടുത്തുന്നതിനുള്ള നടപടികൾ അന്തിമഘട്ടത്തിലാണ്. സ്ട്രോക്ക് ക്ലിനിക്കുകൾ, ജില്ലാ ക്യാൻസർ കെയർ പരിചരണം തുടങ്ങിയ വഴിയും ജില്ലാ/താലൂക്ക് തല ആശുപത്രികളുടെ പ്രവർത്തനങ്ങൾ വിപുലപ്പെട്ടു വരികയാണ്. 8 ആശുപത്രികളിൽ സ്ട്രോക്ക് യൂണിറ്റ് പ്രവർത്തനം ആരംഭിച്ചിട്ടുണ്ട് 24 ജില്ലാ കാൻസർ കെയർ യൂണിറ്റുകളും നിലവിൽ പ്രവർത്തിച്ച് വരുന്നുണ്ട്.

കിഫ്ബി ധനസഹായത്തോടുകൂടി ആരോഗ്യ മേഖലയിൽ അടിസ്ഥാന സൗകര്യ വികസന രംഗത്ത് വിപ്ലവകരമായ മുന്നേറ്റമാണ് കൈവരിച്ചിട്ടുള്ളത്, മെഡിക്കൽ കോളേജുകൾ, കാൻസർ കെയർ ഇൻസ്റ്റിറ്റ്യൂട്ടുകൾ, ജില്ലാ /ജനറൽ /താലൂക്ക് ആശുപത്രികൾ ഉൾപ്പെടുന്ന വിവിധ പ്രൊജക്റ്റുകൾക്കായി ഏഴായിരം കോടിയിലധികം രൂപയ്ക്കുള്ള ഭരണാനുമതി നൽകുകയും. ആയതിൽ 3100 കോടിയിലധികം രൂപയ്ക്ക് കിഫ്ബി അനുമതി ലഭിക്കുകയും പ്രവർത്തികൾ വിവിധ ഘട്ടങ്ങളിലായി പുരോഗമിച്ച് വരികയുമാണ്. ഇതിൽ എറണാകുളം ജനറൽ ആശുപത്രി, പുനലൂർ താലൂക്ക് ആസ്ഥാന ആശുപത്രി എന്നിവയുടെ നിർമ്മാണം പൂർത്തിയായി ഉദ്ഘാടന സജ്ജമായി.

മെച്ചപ്പെട്ട സൗകര്യങ്ങൾ നൽകുന്നതിന്റെ ഭാഗമായി ആർദ്രം പദ്ധതിയിലൂടെ മെഡിക്കൽ കോളെജുകളിലെ ഒ.പി. നവീകരിക്കാനുള്ള പദ്ധതികൾക്കു തുടക്കം കുറിച്ചു. മെച്ചപ്പെട്ട സൗകര്യങ്ങൾ മെഡിക്കൽ കോളേജുകളുടെയും, സർക്കാർ ആശുപത്രികളിലെയും ഒ.പി വിഭാഗം രോഗി സൗഹൃദമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നുണ്ട്. 8 സർക്കാർ മെഡിക്കൽ കോളേജുകളുടെ ഒ.പി വിഭാഗം രോഗീ സൗഹൃദമാക്കുന്നതിനുള്ള നടപടി പൂർത്തീകരിച്ച് പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. തെരഞ്ഞെടുത്ത ജനറൽ / ജില്ലാ/ താലൂക്ക് ആശുപത്രികളിലെ ഒ.പി നവീകരണ പ്രവർത്തികൾ ദ്രുത ഗതിയിൽ നടന്നു വരുന്നു.

സംസ്ഥാനത്ത് ആരോഗ്യ മേഖലയിൽ 'ഈ - ഹെൽത്ത്' പദ്ധതി നടപ്പിലാക്കി വരുന്നുണ്ട്. ഇ-ഹെൽത്ത് സൗകര്യങ്ങൾകൂടി സജ്ജമാകുന്നതോടെ ഭാവിയിൽ രോഗികളുടെ വിവരങ്ങൾ കമ്പ്യൂട്ടറൈസ്ഡ് ചെയ്ത് രോഗികളുടെ വിവരങ്ങളും ലാബ് റിസൾട്ടുകളുമൊക്കെ എളുപ്പം ലഭ്യമാക്കാനും, ആശുപത്രികൾക്ക് പരസ്പരം കൈമാറാനും രോഗചികിത്സകൾ കൂടുതൽ ശാസ്ത്രീയമാക്കാനും കഴിയുന്നതാണ്.

ജനറൽ ആശുപത്രികൾ, ജില്ലാ ആശുപത്രികൾ, താലൂക്ക് ആശുപത്രികൾ എന്നിവിടങ്ങളിൽ ഓപ്പറേഷൻ തീയേറ്ററുകൾ, അനസ്തേഷ്യാ, ഡെർമ്മറ്റോളജി, ഇ.എൻ.ടി, ഗൈനക്കോളജി, ഓർത്തോപീഡിക്സ്, പീഡിയാട്രിക്സ്, റേഡിയോളജി, ലബോറട്ടറി, കാർഡിയോളജി, ന്യൂറോളജി, യൂറോളജി എന്നീ വിഭാഗങ്ങൾ പുതിയ ഉപകരണങ്ങൾ ഉൾപ്പെടുത്തി നവീകരിച്ച് വരുന്നുണ്ട്. കൂടാതെ

ആശുപത്രികൾ ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി ജനറൽ / ജില്ലാ ആശുപത്രികൾ, താലൂക്ക് ആശുപത്രികൾ എന്നിവിടങ്ങളിൽ അനസ്തീഷ്യ, ഇ.എൻ.ടി, ജനറൽ മെഡിസിൻ, ഗൈനക്കോളജി, ലബോറട്ടറി, ഓപ്പറേഷൻ തീയേറ്റർ, ഓർത്തോപീഡിക്സ്, പീഡിയാട്രിക്സ്, റേഡിയോളജി എന്നിവ തുടങ്ങുന്നതിനായുള്ള ഉപകരണങ്ങളും, ആശുപത്രി ഫർണീച്ചർ, കിടക്കകൾ, തലയിണകൾ വാങ്ങുന്നതിനും, ജനറേറ്റർ, എയർകണ്ടീഷൻ എന്നിവ സ്ഥാപിക്കുന്നതിനുമുള്ള നടപടികൾ നടന്നു വരുന്നുണ്ട്.

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ആരോഗ്യ മേഖലയിൽ പുതുതായി താഴെപ്പറയുന്ന സ്ഥാപനങ്ങൾ ആരംഭിച്ചു .

1. സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രി, പൊന്നാനി
2. ജില്ലാ പബ്ലിക് ഹെൽത്ത് ലാബ്, മലപ്പുറം
3. ജില്ലാ പബ്ലിക് ഹെൽത്ത് ലാബ്, സുൽത്താൻ ബത്തേരി
4. റീജിയണൽ പബ്ലിക് ഹെൽത്ത് ലാബ്, മലപ്പുറം
5. സഹകരണ മേഖലയിൽ ഉണ്ടായിരുന്ന പരിയാരം മെഡിക്കൽ കോളേജ് സർക്കാർ ഏറ്റെടുത്ത് മറ്റ് മെഡിക്കൽ കോളേജുകൾക്കൊപ്പം പ്രവർത്തത്തിച്ച് വരുന്നു.
6. കാസർഗോഡ് ജില്ലയിൽ ടാറ്റ ട്രസ്റ്റ് നിർമിച്ച് സർക്കാരിന് കൈമാറിയ കെട്ടിടത്തിൽ പുതിയ കോവിഡ് ആശുപത്രി ആരംഭിച്ചു. ഇതിനായി 191 തസ്തികകൾ പുതുതായി സൃഷ്ടിക്കുകയുണ്ടായി

അനിയന്ത്രിത പ്രമേഹം മൂലമുണ്ടാകുന്ന ഡയബറ്റിക് റെറ്റിനോപതി നിയന്ത്രിക്കുന്നതിന് 'നയനാമൃതം' എന്ന പേരിൽ ഡയബറ്റിക് റെറ്റിനോപതി ക്ലിനിക്കുകൾ ആരംഭിക്കുകയുണ്ടായി. എല്ലാ ജില്ലാ ആശുപത്രികളിലും തിരുവനന്തപുരം ജില്ലയിലെ കുടുംബാരോഗ്യ കേന്ദ്രങ്ങളിലും Non mydriatic camera ഉപയോഗിച്ച് ഡയബറ്റിക് റെറ്റിനോപതി (നേത്രപടല അന്ധത) സ്ക്രീനിംഗ് ആരംഭിച്ചിട്ടുണ്ട്. 5 ജില്ലകളിലെ എഫ്.എച്ച്.സി-കളിൽ ഈ ക്യാമറ സ്ഥാപിക്കുകയും മറ്റ് ജില്ലകളിൽ ഉപകരണം വിതരണം ചെയ്യുന്നതിനുമുള്ള നടപടികൾ പുരോഗമിച്ച് വരികയും ചെയ്യുന്നു.

ഗുരുതര ശ്വാസകോശ രോഗമായ COPD നിർണ്ണയിക്കുന്നതിനും, നിയന്ത്രിക്കുന്നതിനും, 14 ജില്ലാ ആശുപത്രികളിലും, 25 ജനറൽ / താലൂക്ക് ആശുപത്രികളിലും, കുടുംബാരോഗ്യ കേന്ദ്രങ്ങളിലും ചികിത്സ ലഭ്യമാക്കുന്നതിന് വേണ്ടി 'SWAAS' (Stepwise approach for airways diseases) എന്ന പേരിൽ COPD നിയന്ത്രണ പദ്ധതി ആരംഭിച്ചിട്ടുണ്ട്. സ്പൈറോമീറ്റർ ഉപയോഗിച്ച് ശ്വാസകോശത്തിന്റെ പ്രവർത്തനം പരിശോധിച്ച ശേഷം വിദഗ്ധ ചികിത്സ നൽകുന്നതാണ് ഈ പദ്ധതി.

മൂർദ്ധന്യാവസ്ഥയിലുള്ള ക്യാൻസർ രോഗികളുടെ പരിചരണത്തിനായി 'അഭയം' എന്ന പേരിൽ ജില്ലാ ആശുപത്രികളിൽ പാലിയേറ്റീവ് കീമോതെറാപ്പി യൂണിറ്റുകൾ ആരംഭിച്ചിട്ടുണ്ട്. ഇതിനു പുറമേ കീമോതെറാപ്പി ഉൾപ്പെടെയുള്ള ക്യാൻസർ ചികിത്സാ യൂണിറ്റുകൾ 24 ആശുപത്രികളിലേക്ക്

വികസിപ്പിക്കുന്നതിനും സാധിച്ചിട്ടുണ്ട്. ഇന്ത്യയിലാദ്യമായി പാലിയേറ്റീവ് കെയറിന്റെ സെക്കണ്ടറിതല പരിരക്ഷ സാമൂഹികാരോഗ്യ കേന്ദ്രങ്ങളിലേക്ക് വികസിപ്പിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. ഇതിനായി 232 സാമൂഹികാരോഗ്യ കേന്ദ്രങ്ങളിൽ ഫിസിയോതെറാപ്പിസ്റ്റിന്റെയും, സ്റ്റാഫ് നഴ്സിന്റെയും ഓരോ തസ്തിക സൃഷ്ടിക്കുകയും, ദേശീയ ആരോഗ്യ ദൗത്യം മുഖേന ജീവനക്കാരെ നിയമിക്കുകയും ചെയ്തിട്ടുണ്ട്.

സമ്പൂർണ്ണ മാനസികാരോഗ്യത്തിന്റെ ഭാഗമായി 124 കുടുംബാരോഗ്യ കേന്ദ്രങ്ങളിലെ 8334 ആശമാർക്ക് പരിശീലനം നൽകുകയും, 366 പഞ്ചായത്തുകളിലായി 17940 മാനസികരോഗമുള്ളവരെ കണ്ടെത്തി ചികിത്സ നൽകാനും കഴിഞ്ഞു. ഇതിലൂടെ 24820 പേർക്ക് ഇപ്പോൾ അവരുടെ സമീപത്തുള്ള കുടുംബാരോഗ്യ കേന്ദ്രങ്ങൾ വഴി ചികിത്സ ലഭിക്കുന്നുണ്ട്.

'അമ്മ മനസ്സ്' എന്ന നാമധേയത്തിൽ മാതൃശിശു മാനസികാരോഗ്യ പരിപാടി നടത്തി വരുന്നു. സംസ്ഥാനത്തെ മാതൃമരണ നിരക്ക് കുറക്കുന്നതിനായി ആരോഗ്യവകുപ്പും നാഷണൽ ഹെൽത്ത് മിഷനും മെഡിക്കൽ വിദ്യാഭ്യാസ വകുപ്പുമായി ചേർന്ന് KFOG (Kerala Federation of Obstetrics and Gynecology) യുടെ സാങ്കേതിക സഹകരണത്തോടെ ഒരു പദ്ധതി തയ്യാറാക്കി പ്രസവം നടക്കുന്ന സർക്കാർ ആശുപത്രികളിൽ നടപ്പിലാക്കി വരുന്നു. ഇതിന്റെ ഭാഗമായി ഗൈനക്കോളജിസ്റ്റുകൾ, നഴ്സുമാർ പ്രസവമുറിയിൽ ജോലി ചെയ്യുന്ന മറ്റ് ജീവനക്കാർ എന്നിവർക്ക് പരിശീലനം നൽകി. ഡിസ്പോസബിൾ ഡെലിവറി കിറ്റ്, ഡിസ്പോസബിൾ സിസേറിയൻ കിറ്റ് എന്നിവ ആശുപത്രികളിൽ ലഭ്യമാക്കി. ആശുപത്രികൾക്ക് ആവശ്യമായ മെഡിക്കൽ ഉപകരണങ്ങൾ കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ വഴി വാങ്ങി നൽകി. മാതൃമരണത്തിന്റെ കാരണം കണ്ടുപിടിക്കുന്നതിനായി മാതൃമരണ ഓഡിറ്റ് നടപ്പിലാക്കി.

ആരോഗ്യവകുപ്പ്, നാഷണൽ ഹെൽത്ത് മിഷൻ, ആരോഗ്യ വിദ്യഭ്യാസ വകുപ്പ്, IAP (ഇന്ത്യൻ അക്കാദമി ഓഫ് പീഡിയാട്രിക്സ്) എന്നിവ സംയുക്തമായി ശിശുമരണ നിരക്ക് കുറയ്ക്കുന്നതിനുള്ള ഒരു പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു. പ്രസവം നടക്കുന്ന സർക്കാർ ആശുപത്രികളിൽ NBCC (Newborn Care Corner) തുടങ്ങി, തെരഞ്ഞെടുക്കപ്പെട്ട ആശുപത്രികളിൽ NBSU (Newborn Stabilization Unit), SNCU (Special Newborn Care Unit) എന്നിവ തുടങ്ങി. ശിശു ഓഡിറ്റ് സംവിധാനം നടപ്പിലാക്കി വരുന്നു. നവജാതശിശുക്കളിലെ മെറ്റബോളിക് അസുഖങ്ങൾ കണ്ടുപിടിക്കുന്നതിനായി Newborn Screening Programme നടപ്പിലാക്കി വരുന്നു.

സർക്കാർ അധികാരത്തിൽ വന്നതിനുശേഷം, ആർദ്രം പദ്ധതി പ്രകാരം സൃഷ്ടിച്ച 2721 തസ്തികകൾ ഉൾപ്പെടെ, ആരോഗ്യവകുപ്പിൽ മൊത്തം 3360 അധിക തസ്തികകൾ സൃഷ്ടിച്ചു. ആരോഗ്യ വിദ്യാഭ്യാസ വകുപ്പിൽ ആകെ 3318 തസ്തികകളും ആരോഗ്യ സർവകലാശാലയിൽ 176 തസ്തികയും സൃഷ്ടിച്ചു.

സെക്ഷൻ ഓഫീസർ

അനുബന്ധം II

**സംസ്ഥാനത്തെ പ്രധാന സർക്കാർ മെഡിക്കൽ കോളേജുകളുടെ നിലവാരം ഉയർത്തുന്നതിനായി ചുവടെ പറയുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ട്.**

ഓരോ സർക്കാർ മെഡിക്കൽ കോളേജിനും മാസ്റ്റർ പ്ലാൻ തയ്യാറാക്കി നടപ്പാക്കാനുള്ള പ്രവർത്തനങ്ങൾക്ക് തുടക്കം കുറിച്ചു. എറണാകുളം സർക്കാർ മെഡിക്കൽ കോളേജിന് 368.75 കോടിയുടെ പദ്ധതിക്ക് (മാസ്റ്റർ പ്ലാൻ) KIIFB വഴി അംഗീകരം നൽകി നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ചു.

തിരുവനന്തപുരം സർക്കാർ മെഡിക്കൽ കോളേജിന് 717.29 കോടിയുടെ പദ്ധതിക്ക് (master plan) KIIFB വഴി അംഗീകാരം നൽകി ആദ്യ ഘട്ടമെന്ന നിലയിൽ 58.37 കോടി രൂപയുടെ ഭരണാനുമതി നൽകി നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിക്കുന്നു.

കോട്ടയം, തൃശ്ശൂർ എന്നീ സർക്കാർ മെഡിക്കൽ കോളേജുകൾക്ക് മാസ്റ്റർ പ്ലാൻ തയ്യാറാക്കി പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനു SPV ആയി HLL, INKEL എന്നിവരെ ചുമതലപ്പെടുത്തി. ഇതിൽ കോട്ടയം മെഡിക്കൽ കോളേജിന് ആദ്യഘട്ടമെന്ന നിലയിൽ 134 കോടിയുടെ സർജിക്കൽ ബ്ലോക്കിന് കിഫ്ബി വഴി അംഗീകാരം ലഭിച്ചു. കണ്ണൂർ, കോഴിക്കോട് മെഡിക്കൽ കോളേജുകളുടെ മാസ്റ്റർ പ് ളാൻ തയാറായി വരുന്നു. കോഴിക്കോട് സർക്കാർ മെഡിക്കൽ കോളേജിൽ പുതിയ ഒ.പി കെട്ടിടം KIIFB ധനസഹായത്തോടെ പണിയുന്നതിനുള്ള ഭരണാനുമതിക്കായുള്ള നടപടികൾ നടന്നുവരുന്നു

തിരുവനന്തപുരം, ആലപ്പുഴ, കോഴിക്കോട്, തൃശ്ശൂർ മെഡിക്കൽ കോളേജുകളിൽ (നിലവിലുള്ളവയിൽ നിന്നും അധികമായി) കഴിഞ്ഞ 5 വർഷത്തിനുള്ളിൽ 292 പി.ജി,സൂപ്പർസ്പെഷ്യലിറ്റി സീറ്റുകൾ കൂടി എം.സി.ഐ യുടെ അംഗീകാരത്തോടെ ലഭ്യമാക്കി.

എല്ലാ മെഡിക്കൽ കോളേജുകളിലും ആർദ്രം പദ്ധതിയുടെ ഭാഗമായി ഒ.പി കൾ വിപുലീകരിക്കാനുള്ള പ്രവർത്തനങ്ങൾ അവസാന ഘട്ടത്തിലാണ്. തിരുവനന്തപുരം എസ് .എ.ടി ആശുപത്രിയിൽ പീഡിയാട്രിക് കാർഡിയോളജി, റീ-പ്രോഡക്റ്റീവ് മെഡിസിൻ, പീഡിയാട്രിക് നെഫ്രോളജി മുതലായ സ്പെഷ്യാലിറ്റി കോഴ്സുകൾ തുടങ്ങാൻ വേണ്ട തസ്തികകൾ അനുവദിച്ചു. സർക്കാർ മേഖലയിൽ ആദ്യമായി തിരുവനന്തപുരം മെഡിക്കൽ കോളേജിൽ DM Endocrinology കോഴ്സ് ആരംഭിച്ചു.

മെഡിക്കൽ കോളേജുകളുടെ നിലവാരം ഉയർത്തുന്നതിനായി മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിൽ 'Patient Friendly Transformation of Out Patient Service' എന്ന പദ്ധതിക്കായി 51.8184 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്.

തിരുവനന്തപുരം, കോട്ടയം, തൃശ്ശൂർ മെഡിക്കൽ കോളേജുകളിലേക്ക് 4 കോടി വീതം ചെലവഴിച്ച് സി.റ്റി സിമുലേറ്റർ വാങ്ങുന്നതിന് ഭരണാനുമതി നൽകുകയും കോട്ടയം മെഡിക്കൽ കോളേജിൽ സി.റ്റി സിമുലേറ്റർ സ്ഥാപിച്ച് പ്രവർത്തനം ആരംഭിക്കുകയും തിരുവനന്തപുരം, തൃശ്ശൂർ മെഡിക്കൽ കോളേജുകളിൽ ഇത് സ്ഥാപിക്കുന്നതിനുള്ള നടപടികൾ നടന്നുവരുകയുമാണ്. കോട്ടയം മെഡിക്കൽ കോളേജിൽ രണ്ടാമത്തെ ലീനിയർ ആക്സിലേറ്റർ സ്ഥാപിക്കുകയും ഇത് പ്രവർത്തിപ്പിക്കാനുള്ള നടപടിക്രമങ്ങൾ നടന്നുവരുകയുമാണ്. കോഴിക്കോട് മെഡിക്കൽ കോളേജിൽ ക്യാൻസർ ചികിത്സയ്ക്കാവശ്യമായ ലീനിയർ ആക്സിലേറ്റർ പ്രവർത്തനം തുടങ്ങിയിട്ടുണ്ട്. ആലപ്പുഴ മെഡിക്കൽ കോളേജിലും ലീനിയർ ആക്സിലേറ്ററും സി.ടി സിമുലേറ്ററും സ്ഥാപിച്ചിട്ടുണ്ട്. കൂടാതെ ബ്രാക്കി തെറാപ്പി ഉപകരണം സ്ഥാപിക്കുന്നതിനുള്ള നടപടിക്രമങ്ങൾ പൂർത്തീകരിച്ചുവരുന്നു. തിരുവനന്തപുരം മെഡിക്കൽ കോളേജിലെയും, തൃശ്ശൂർ മെഡിക്കൽ കോളേജിലെയും ക്യാൻസർ വിഭാഗങ്ങളിലെ വികസന പ്രവർത്തനങ്ങളുടെ ഭാഗമായി

പുതിയ ലീനിയർ ആക്സിലേറ്റർ, സി.ടി സിമുലേറ്റർ എന്നിവ സ്ഥാപിക്കുന്നതിന് വേണ്ട കെട്ടിടങ്ങളുടെ പണികൾ പൂർത്തീകരിക്കുകയും തൃശ്ശൂർ മെഡിക്കൽ കോളേജിൽ ഉപകരണങ്ങൾ സ്ഥാപിക്കുകയും ചെയ്തിട്ടുണ്ട്. തിരുവനന്തപുരം മെഡിക്കൽ കോളേജിൽ മെഷീനുകൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ നടന്നുവരുന്നു. ഫെബ്രുവരി മാസത്തോടെ ഈ മെഷീനുകൾ ഉപയോഗിച്ചുള്ള ക്യാൻസർ ചികിത്സ ആരംഭിക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

ആലപ്പുഴ സർക്കാർ മെഡിക്കൽ കോളേജിൽ DM Nephrology കോഴ്സ് ആരംഭിച്ചു. ആലപ്പുഴ മെഡിക്കൽ കോളേജിൽ 12 കോടി രൂപ ചെലവിൽ എം.ആർ.ഐ സ്കാൻ, സി.ടി സിമുലേറ്റർ എന്നിവ സ്ഥാപിച്ചു.

കേരളത്തിൽ ആദ്യമായി ബി.എസ്.സി ഡയാലിസിസ് ടെക്നോളജി കോഴ്സ് ആലപ്പുഴ, കോഴിക്കോട് മെഡിക്കൽ കോളേജുകളിൽ ആരംഭിക്കാൻ അനുമതി ലഭിച്ചിട്ടുണ്ട്. ആലപ്പുഴ, കോഴിക്കോട് മെഡിക്കൽ കോളേജുകളിൽ സൂപ്പർ സ്പെഷ്യാലിറ്റി കെട്ടിടങ്ങൾ നിർമ്മിച്ച് വരുന്നു

കാൻസർ സെന്ററുകളിൽ മാത്രം ലഭ്യമായിരുന്ന ചികിത്സ മെഡിക്കൽ കോളേജുകളിൽ ലഭ്യമാക്കുംവിധം മെഡിക്കൽ കോളേജുകളിൽ സർജിക്കൽ ഓങ്കോളജി, മെഡിക്കൽ ഓങ്കോളജി, ഓങ്കോ പാത്തോളജി എന്നീ വിഭാഗങ്ങൾ ആരംഭിക്കുകയും ഇതിലേക്കായി 105 അധിക തസ്തികകൾ സൃഷ്ടിക്കുകയും ചെയ്തു.

തിരുവനന്തപുരം സർക്കാർ മെഡിക്കൽ കോളേജിൽ ലെവൽ 2 ട്രോമാ കെയർ സംവിധാനം സ്ഥാപിക്കുന്നതിനല്ല നടപടികൾ 95 % പൂർത്തിയാകുകയുമിതിൽ എന്നാൽ കോവിദഃ മഹാമാരിയുടെ പശ്ചാത്തലത്തിൽ ഇത് കോവിദഃ സിസുമാലിറ്റി ആയി പ്രവർത്തിച്ചുവരുകയുമാണ്. സംസ്ഥാനത്ത് നടപ്പിലാക്കുന്ന സമ്പൂർണ്ണ ട്രോമാ കെയർ സംവിധാനത്തിന്റെ ഭാഗമായി തിരുവനന്തപുരം സർക്കാർ മെഡിക്കൽ കോളേജിന് 11.27 കോടി രൂപയുടെ കോമ്പ്രിഹെൻസീവ് ഭരണാനുമതി നല്കുകയും ആദ്യ ഘട്ടമായി 7.5 കോടി രൂപ അനുവദിക്കുകയും ചെയ്തിരുന്നു. മികച്ച ട്രോമാ കെയർ പരിശീലനത്തിന് മെഡിക്കൽ കോളേജിൽ സ്ഥാപിക്കുന്ന 10 കോടി രൂപയുടെ അത്യാധുനിക സൗകര്യങ്ങളോടു കൂടി സ്റ്റേറ്റ് ഓഫ് ദ ആർട്ട് സിമുലേഷൻ സെന്ററിന്റെ MOU വും പ്രൊപ്പോസലും അംഗീകരിച്ച് നടപടികൾ പുരോഗമിച്ചു വരികയാണ്. കൂടാതെ 25,22,00,000/- (ഇരുപത്തിയഞ്ച് കോടി ഇരുപത്തിരണ്ട് ലക്ഷം രൂപ മാത്രം) രൂപ മുതൽ മുടക്കിൽ നിർമ്മിച്ച പോളിട്രോമാകെട്ടിടത്തിന്റെ (മൾട്ടി സ്പെഷ്യാലിറ്റി) പ്രവർത്തനവും, പഠനനിലവാരവും ഗവേഷണ സൗകര്യങ്ങളും അന്താരാഷ്ട്ര നിലവാരത്തിലേയ്ക്ക് ഉയർത്തുന്നതിന്റെ ഭാഗമായി പുതിയ മൾട്ടിഡിസിപ് ളിനറി റിസർച്ച് ലബോറട്ടറി, മൾട്ടിഡിസിപ് ളിനറി റിസർച്ച് യൂണിറ്റ്, വൈറൽ റിസർച്ച് & ഡയഗ്നോസ്റ്റിക് ലബോറട്ടറി, അനിമൽ ഹൌസ് തുടങ്ങിയവയുടെ പ്രവർത്തനവും ആരംഭിച്ചു. സൂപ്പർ സ്പെഷ്യാലിറ്റി ബ്ലോക്ക് പ്രവർത്തിച്ചു വരുന്നു. അത്യാധുനിക മോർച്ചറി സംവിധാനവും പ്രവർത്തിച്ചു വരുന്നുണ്ട്.

തിരുവനന്തപുരം സർക്കാർ മെഡിക്കൽ കോളേജിൽ എമർജൻസി മെഡിസിൻ വിഭാഗം ശക്തിപ്പെടുത്തുന്നതിന് വേണ്ടി 106 തസ്തികകൾ അനുവദിച്ചിട്ടുണ്ട്. തിരുവനന്തപുരം സർക്കാർ മെഡിക്കൽ കോളേജിൽ മൾട്ടി സ്പെഷ്യാലിറ്റി ബ്ലോക്ക് പ്രവർത്തനക്ഷമമാക്കി തിരുവനന്തപുരം സർക്കാർ മെഡിക്കൽ കോളേജിൽ ഇ -ഹെൽത്ത് പദ്ധതി പ്രകാരം രോഗികളുടെ സൗകര്യം വർദ്ധിപ്പിക്കാൻ ഒ.പി യിൽ ടോക്കൺ സംവിധാനം ഏർപ്പെടുത്തി. തിരുവനന്തപുരം സർക്കാർ മെഡിക്കൽ കോളേജിൽ പീഡിയാട്രിക് കാർഡിയോളജി വിഭാഗത്തിൽ കാത്ത് ലാബ് സ്ഥാപിച്ച് പ്രവർത്തനം ആരംഭിച്ചു.

കോട്ടയം മെഡിക്കൽ കോളേജിൽ 5.31 കോടി രൂപ മുടക്കി പുതിയ സി.ടി സ്കാൻ സ്ഥാപിച്ചു. കോട്ടയം മെഡിക്കൽ കോളേജിൽ ട്രോമാ കെയർ സംവിധാനത്തോടു കൂടിയ പുതിയ അത്യാഹിത വിഭാഗം (36 കോടി) ബ്ലോക്ക് പൂർത്തിയാക്കി പ്രവർത്തനം ആരംഭിച്ചു. പുതിയ അത്യാഹിത വിഭാഗം 1.08.2018 ആരംഭിച്ചത് ട്രയേജ് സിസ്റ്റത്തോടുകൂടിയാണ്. കോട്ടയം മെഡിക്കൽ കോളേജിൽ 3.30 കോടി രൂപയ്ക്ക് ഡി.എസ്. എ മെഷീൻ വാങ്ങുന്നതിന്

ഭരണാനുമതി നല്കി. കോട്ടയം മെഡിക്കൽ കോളേജിൽ എം.ആർ.ഐ സ്കാൻ വാങ്ങാൻ അനുമതി നല്കി. കേരളത്തിൽ ആദ്യമായി കോട്ടയം മെഡിക്കൽ കോളേജിൽ ട്രാൻസ്ജെൻഡർമാർക്ക മാത്രമായി ഒ.പി സംവിധാനം ആരംഭിച്ചു. കോട്ടയം മെഡിക്കൽ കോളേജിൽ രണ്ടാമത്തെ കാത്ത് ലാബ് അനുവദിച്ചു. കോട്ടയം മെഡിക്കൽ കോളേജിൽ എമർജൻസി മെഡിസിൻ ആരംഭിക്കുന്നതിന്റെ ഭാഗമായി 17 അധ്യാപക തസ്തിക അനുവദിച്ചിട്ടുണ്ട്.

ആലപ്പുഴ മെഡിക്കൽ കോളേജിൽ 21.47 കോടി രൂപ മുതൽ മുടക്കിൽ സ്റ്റേറ്റ് ട്രോമാ കെയർ യൂണിറ്റിന്റെ നിർമ്മാണം ആരംഭിച്ചു. ആലപ്പുഴ മെഡിക്കൽ കോളേജിൽ 12 കോടി രൂപ ചെലവിൽ എം.ആർ.ഐ സ്ഥാപിച്ചു. 173.18 കോടി രൂപ മുതൽ മുടക്കി PMSSY പദ്ധതി പ്രകാരം സൂപ്പർ സ്പെഷ്യാലിറ്റി ആശുപത്രിയുടെ നിർമ്മാണം പൂർത്തിയായിവരുന്നു നബാർഡ് ധനസഹായത്തോടെ 30 കോടി രൂപ മുതൽ മുടക്കിൽ ഗൈനക്കോളജി വിഭാഗത്തിനായി ഒരു പുതിയ കെട്ടിടത്തിന്റെ നിർമ്മാണത്തിനായി തുക പി.ഡബ്ല്യൂഡി യ്ക്ക് കൈമാറിയിട്ടുണ്ട്. നിർമ്മാണം പുരോഗമിച്ചുവരുന്നു. ഒ.പി നവീകരണത്തിനായി ആർദ്രം പദ്ധതിയിൽ ഉൾപ്പെടുത്തി 2.5 കോടി രൂപയുടെ നിർമ്മാണ പ്രവർത്തനങ്ങൾ അന്തിമ ഘട്ടത്തിലാണ്. 11 കോടി രൂപ മുതൽ മുടക്കി മൾട്ടി ഡിസ്സിപ്ലിനറി ഐ.സി.യു, 24 മണിക്കൂർ അത്യാഹിത വിഭാഗം ഫാർമസി , ലാബ് എന്നിവ സജ്ജമാക്കി പ്രവർത്തിപ്പിക്കുന്നുണ്ട്. കാർഡിയോളജി വിഭാഗത്തിൽ അടിയന്തിര ചികിത്സ ലഭ്യമാക്കുന്നതിനായി അൻപത് ലക്ഷം രൂപ മുതൽ മുടക്കിൽ H.D.U.S.G, നാല്പത്തി നാല് ലക്ഷത്തിന്റെ ഇലക്ട്രോ ഫിസിയോളജി യൂണിറ്റ്, ഇരുപത്തി നാല് ലക്ഷത്തിന്റെ ഐ.എൻ.ആർ മെഷീൻ, ഇരുപത്തി നാല് ലക്ഷത്തിന്റെ എക്കോ മെഷീൻ എന്നിവ സജ്ജമാക്കിയിട്ടുണ്ട്. ആർ.സി.സി മാതൃകയിലുള്ള ക്യാൻസർ ചികിത്സ ലഭ്യമാക്കുന്നതിനായി സർജിക്കൽ ഓങ്കോളജി, മെഡിക്കൽ ഓങ്കോളജി, ഓറൽ പാത്തോളജി എന്നിവയിൽ അധിക തസ്തികകൾ സൃഷ്ടിക്കപ്പെട്ടിട്ടുണ്ട് . കൂടാതെ ഓങ്കോളജിക്ക് വേണ്ടി പ്രത്യേക കെട്ടിടം നിർമ്മിക്കുന്നതിനുള്ള ആദ്യ ഗഡുവായി മൂന്ന് കോടി രൂപ അനുവദിക്കപ്പെട്ടിട്ടുണ്ട്. ആലപ്പുഴ മെഡിക്കൽ കോളേജിൽ കാൻസർ വിഭാഗത്തിൽ സി.ടി.സിമുലേറ്റർ പ്രവർത്തനം തുടങ്ങി.

തൃശ്ശൂർ മെഡിക്കൽ കോളേജിൽ 8.60 കോടി രൂപ ചെലവഴിച്ച് കാർഡിയോളജി വിഭാഗത്തിൽ കാത്ത് ലാബ് പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. ഇതിനായി 19 തസ്തികകളും കാർഡിയോ തൊറാസിക് വിഭാഗം ആരംഭിക്കാൻ 14 തസ്തികകളും സൃഷ്ടിച്ചിട്ടുണ്ട്. ഇവിടെ 2 സീറ്റോടുകൂടി DM കാർഡിയോളജി കോഴ്സും തുടങ്ങിയിട്ടുണ്ട്. തൃശ്ശൂർ മെഡിക്കൽ കോളേജിൽ കേടായ ടെലി കൊബാൾട്ട് മെഷീൻ ഒരു കോടി രൂപ ചെലവഴിച്ച് ഉപയോഗപ്രദമാക്കി ക്യാൻസർ രോഗികൾക്കായി കീമോ ഡേ കെയർ സെന്റർ പണികഴിപ്പിച്ചു. സിടി സ്കാനർ സ്ഥാപിച്ചു. 2016-17 മുതൽ 2019 -20 വരെയുള്ള സാമ്പത്തിക വർഷങ്ങളിൽ ആകെ 716.07 കോടി രൂപ തൃശ്ശൂർ സർക്കാർ മെഡിക്കൽ കോളേജിന്റെ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനായി അനുവദിച്ചിട്ടുണ്ട്. ഇതിന്റെ ഭാഗമായി ആർദ്രം, ഐ-ഹെൽത്ത് എന്നീ പദ്ധതികൾ ആരംഭിച്ചു കഴിഞ്ഞു. കാത്ത് ലാബ്, ജെറിയാട്രിക് ക്ലിനിക്, കീമോ ഡി കെയർ എന്നിവ പ്രവർത്തനമാരംഭിച്ചു.

മഞ്ചേരി മെഡിക്കൽ കോളേജിൽ റെസിഡൻഷ്യൽ സൗകര്യം ഒരുക്കുന്നതിന്റെ ഭാഗമായി അധ്യാപക അനധ്യാപക ക്വാർട്ടേഴ്സ്, ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും ഹോസ്റ്റൽ, ഓഡിറ്റോറിയം എന്നിവയുടെ നിർമ്മാണ പ്രവർത്തനങ്ങൾ (103.86 കോടി രൂപ) പുരോഗമിച്ചു വരുന്നു. മഞ്ചേരി മെഡിക്കൽ കോളേജിൽ മെച്ചപ്പെട്ട ചികിത്സ ലഭ്യമാക്കുന്നതിന്റെ ഭാഗമായി അത്യാധുനിക സംവിധാനങ്ങളോടുകൂടിയ ഉപകരണങ്ങളായ വെന്റിലേറ്റർ, കളർ ടോപ് ളെയർ , ഇക്കോ കാർഡിയോഗ്രാഫി, അൾട്രാ സൌണ്ട് സ്കാനർ, മാമ്മോഗ്രാഫി മെഷീനും അനുബന്ധ ഉപകരണങ്ങളും , സിടി സ്കാനർ, ഹൈ എൻഡ് അൾട്രാ സോണോഗ്രാം, ഇ.ഇ.ജി, ഇ.എം.ജി ഫീറ്റൽ റേഡിയോളജി യൂണിറ്റ് തുടങ്ങിയ ഒട്ടനവധി ഉപകരണങ്ങൾ സ്ഥാപിച്ചിട്ടുണ്ട്. . മഞ്ചേരി മെഡിക്കൽ കോളേജ് ആശുപത്രിയിൽ സൂപ്പർ സ്പെഷ്യാലിറ്റി സേവനങ്ങൾ ലഭ്യമാക്കുന്നതിന്റെ ഭാഗമായി കാർഡിയോളജി വിഭാഗം ശക്തിപ്പെടുത്തുകയും 8 കോടി മുതൽ മുടക്കി കാത്ത് ലാബ്

സ്ഥാപിക്കുകയും ചെയ്തിട്ടുണ്ട്. മഞ്ചേരി മെഡിക്കൽ കോളേജിന്റെയും ആശുപത്രിയുടെയും ഭാവി വികസനത്തിന് ആവശ്യമായി വരുന്ന 7 ഏക്കർ സ്ഥലം ഏറ്റെടുക്കൽ നടപടികൾക്ക് ഭരണാനുമതി നൽകി തുടർ നടപടികൾ സ്വീകരിച്ചു വരുന്നു. ആർദ്രം പദ്ധതി മുഖേന ഒ.പി നവീകരണം, രോഗീ സൗഹൃദ, വയോജന സൗഹൃദ ആശുപത്രിയാക്കൽ എന്നിവയും നടത്തിവരുന്നു. മഞ്ചേരി മെഡിക്കൽ കോളേജിനായി മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നതിനുള്ള പ്രാരംഭ നടപടികൾ സ്വീകരിച്ചുവരുന്നു. അത്യാഹിത വിഭാഗം നവീകരിക്കുന്നതിനായി തൊണ്ണൂറ്റി ഒൻപത് ലക്ഷം രൂപ അനുവദിച്ച് പ്രവൃത്തികൾ നടന്നുവരുന്നു.

എറണാകുളം മെഡിക്കൽ കോളേജിൽ 8 കോടി രൂപ ചെലവഴിച്ച് കാത്ത് ലാബ് പ്രവർത്തനം ആരംഭിച്ചു. എറണാകുളം മെഡിക്കൽ കോളേജിൽ തസ്തികകൾ സൃഷ്ടിച്ച്, നെഫ്രോ, കാർഡിയോ ന്യൂറോ വിഭാഗങ്ങൾ ഉൾപ്പെടെയുള്ള സൂപ്പർ സ്പെഷ്യാലിറ്റി ആരംഭിച്ചിട്ടുണ്ട്. എറണാകുളം മെഡിക്കൽ കോളേജിൽ എം.ആർ.ഐ ഉൾപ്പെടെയുള്ള ആധുനിക ഉപകരണങ്ങൾ സ്ഥാപിക്കുന്നതിന് ഇമേജ് സെന്റർ നിർമ്മിക്കാൻ 25 കോടി രൂപയുടെ അനുമതി നല്കി.

കോഴിക്കോട് മെഡിക്കൽ കോളേജിനെ മികവിന്റെ കേന്ദ്രമാക്കുന്നതിനായി ആർദ്രം പദ്ധതിയിൽ ഉൾപ്പെടുത്തി മാതൃശിശു സംരക്ഷണ കേന്ദ്രത്തിലെയും ചെസ്റ്റ് ആശുപത്രി, മാതൃശിശു സംരക്ഷണ കേന്ദ്രം, സൂപ്പർ സ്പെഷ്യാലിറ്റി എന്നിവിടങ്ങളിലെ വെയിറ്റിങ് ഏരിയ, സൂപ്പർ സ്പെഷ്യാലിറ്റി ബ്ളോക്കിലെ ടോയ്ലറ്റുകളുടെ നിർമ്മാണം, നിലവിൽ ഉള്ളവയുടെ നവീകരണം, ഫാർമസി കോളേജ്, സൂപ്പർ സ്പെഷ്യാലിറ്റി ബ്ളോക്ക് എന്നിവിടങ്ങൾക്ക് അടുത്തായി പാർക്കിംഗ് ഏരിയ, സൂപ്പർ സ്പെഷ്യാലിറ്റി ബ്ളോക്കിലേക്കുള്ള റോഡിൽ ഇന്റർലോക്ക് പാകൽ ഇവിടങ്ങളിലെ ഇലക്ട്രിക്കൽ വർക്ക്, ഒ.പി ബ്ളോക്കിൽ എ.സി സ്ഥാപിക്കൽ എന്നീ പ്രവർത്തികൾ പൂർത്തിയാക്കി. കൂടാതെ എൻ.എം.സി.എച്ച് ലെ ഒ.പി ബ്ളോക്ക് നിർമ്മാണം, വെയിറ്റിങ് ഏരിയ എന്നിവയും ആർദ്രം പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

കോഴിക്കോട് മെഡിക്കൽ കോളേജ് ആശുപത്രി രോഗി സൌഹൃദമാക്കുന്നതിന് അനുവദിച്ച 2 കോടി രൂപയിൽ ഐ.എം.സി എച്ച് ൽ രോഗികൾക്ക് വസ്ത്രം ഉണക്കുവാൻ ഇടുന്ന സ്ഥലത്തിന്റെ നിർമ്മാണം എസ്.ഡി.എസ്.എം ക്യാൻസർ ഇൻസ്റ്റിറ്റ്യൂട്ടിൽ രോഗികൾക്ക് കാത്തിരിപ്പ സ്ഥലത്തിന്റെ നിർമ്മാണം, ഐ.എം.സി എച്ച് ലെ രോഗികൾക്ക് ഭക്ഷണം കഴിക്കാനുള്ള ഡൈനിംഗ് ഹാൾ നവീകരണം, രോഗികൾക്കും കൂട്ടിരിപ്പുകാർക്കും വേണ്ടി ക്യാംപസിലെ ഹോസ്റ്റലിന് ചുറ്റുമുള്ള റോഡിൽ സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കൽ തുടങ്ങിയവയും നടന്നു വരുന്ന. ക്യാൻസർ ചികിത്സാ സൌകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി മെഡിക്കൽ ഓങ്കോളജി , റേഡിയോതെറാപ്പി വിഭാഗങ്ങളെ ഓരോ സമുച്ചയത്തിലാക്കി 30000 സ്ക്വയർ ഫീറ്റിൽ പുതുതായി ത്രിതീയ ക്യാൻസർ കെയർ സെന്റർ ആരംഭിച്ചു. റേഡിയോ സയഗ്നോസിസ് വിഭാഗത്തിൽ 6 കോടി രൂപ ചിലവിൽ അത്യാധുനിക 128 സ്ളൈസ് കാർഡിയോ സി.ടി സ്കാൻ സ്ഥാപിച്ചു കുട്ടികളുടെ ഹോസ്റ്റൽ നിർമ്മാണത്തിനായി 2016 -17 സാമ്പത്തിക വർഷത്തിൽ 14 കോടി അനുവദിച്ചു . രോഗികളുടെയും രോഗവിവരങ്ങളുടെയും അനുബന്ധവിവരങ്ങളുടെയും ഡിജിറ്റൽവൽക്കരണവും ഭാവിയിൽ പഠനഗവേഷണങ്ങൾ ക്കായി വിവരങ്ങളുടെ ലഭ്യത ഉറപ്പുവരുത്തുക എന്നിവയ്ക്കായി നടപ്പിലാക്കുന്ന പദ്ധതിയാണ് ഇ – ഹെൽത്ത് പദ്ധതി. ഇതിന്റെ ഭാഗമായി ഈ സ്ഥാപനത്തിൽ ഇ – ഹെൽത്ത് പദ്ധതി ഒ.പി രജിസട്രേഷ തലത്തിൽ എത്തി നിൽക്കുന്നു. അക്കാദമിക് നിലവാരം മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി 10 കോടി രൂപ ചിലവിൽ ലക്ചർ തീയേറ്റർ കോപ് ളക്സ് സ്ഥാപിച്ചു. സൂപ്പർ സ്പെഷ്യാലിറ്റി ബ്ളോക്കിൽ 5 കോടി രൂപ ചെലവഴിച്ച് പക്ഷാഘാത ചികിത്സയ്ക്കായി സ്ട്രോക്ക് യൂണിറ്റ് സ്ഥാപിക്കാനുള്ള നടപടികൾ നടന്നുവരുന്നു. 195.93 കോടി രൂപ ചെലവിൽ പി.എം.എസ്.എസ്.വൈ പദ്ധതി പ്രകാരമുള്ള പുതിയ സൂപ്പർ സ്പെഷ്യാലിറ്റി ബ്ളോക്ക് നിർമ്മാണം പൂർത്തിയായി വരുന്നു. 12.44 കോടി ചെലവിൽ പി.ജി വിദ്യാർത്ഥികൾക്കുള്ള റസിഡൻഷ്യൽ ക്വാർട്ടേഴ്സ് – ന്റെ നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. സൂപ്പർ സ്പെഷ്യാലിറ്റി ഫെയ്സ് 3 ന്റെ നിർമ്മാണ പ്രവർത്തനങ്ങൾ 98% പൂർത്തീകരിച്ചു. ഗസറ്റ് ആഫീസർ മാരുടെയും

നോൺ ഗസറ്റ് ആഫീസർ മാരുടെയും ഫ്ളാറ്റുകളുടെ നിർമ്മാണം 45 കോടി ചെലവിൽ നിർമ്മാണം പൂർത്തീകരിച്ചുവരുന്നു. 5.5 കോടി രൂപാ ചെലവിൽ BSL III വൈറോളജി ലാബിൻറെ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുകയും ടെർഷ്യറി ക്യാൻസർ കെയർ സെന്ററിന്റെ വിപുലീകരണത്തിനായി രണ്ട് കോടി രൂപ അനുവദിക്കുകയും നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുകയും ICD യിലെ ICU നവീകരണം അനസ്തേഷ്യ വിഭാഗത്തിലെ ICU നിർമ്മാണം ആശുപത്രിയിലെ ടെയിനേജുകളുടെ നവീകരണം TMT റൂം നിർമ്മാണം തുടങ്ങിയവയുടെ നിർമ്മാണം പുരോഗമിച്ചുവരുന്നു. 13 കോടി രൂപയുടെ പുതിയ പരീക്ഷാ ഹാളിന്റെ നിർമ്മാണവും, ക്യാമ്പസിന്റെ ചുറ്റുമതിൽ നിർമ്മാണവും ഉടൻ ആരംഭിക്കുന്നതാണ്.

കോഴിക്കോട് മെഡിക്കൽ കോളേജിൽ 44.50 കോടി രൂപ ചെലവിൽ ടെർഷ്യറി ക്യാൻസർ സെന്ററിന്റെ നിർമ്മാണം പൂർത്തികരിച്ച് പ്രവർത്തനം ആരംഭിച്ചു. കോഴിക്കോട് മെഡിക്കൽ കോളേജിൽ ന്യൂക് ളിയർ മെഡിസിൻ വിഭാഗത്തി5.8 കോടി രൂപ ചെലവിൽ സ്പെക്റ്റ് സി.ടി ഗാമ ക്യാമറയും, റേഡിയോളജി വിഭാഗത്തിൽ 6 കോടി രൂപ ചെലവിൽ അത്യാധുനിക 128 സൈസ് കാർഡിയാക് സി. ടി സ്കാനും സ്ഥാപിച്ചു. കോഴിക്കോട് മെഡിക്കൽ കോളേജിൽ മോളിക്യൂലാർ ഡയഗ്നോസ്റ്റിക് ഫെസിലിറ്റി ക്രമീകരിക്കുന്നിതിനായി 12 കോടി രൂപയുടെ ഭരണാനുമതി നല്കിയിട്ടുണ്ട്. KMSCL വഴി MRI സ്കാൻ മെഷീൻ സ്ഥാപിച്ചു വരുന്നു. ആർദ്രം പദ്ധതി പ്രകാരം 8 .9 കോടി രൂപ ചെലവിൽ പ്രൈമറി വെയ്റ്റിംഗ് ഏരിയ, ഫാർമസി വെയ്റ്റിംഗ് ഏരിയ, കാൻസർ വെയ്റ്റിംഗ് ഏരിയ എന്നിവ നിർമിച്ചു പ്രവർത്തനം തുടങ്ങി. കോഴിക്കോട് മെഡിക്കൽ കോളേജിൽ എമർജൻസി മെഡിസിൻ ഒരു പ്രത്യേക വിഭാഗമായി പ്രവർത്തിക്കുന്നുണ്ട്. ഇവിടെ എമർജൻസി മെഡിസിൻ പി.ജി കോഴ്സും ഉണ്ട് . അത്യാഹിത വിഭാഗത്തിൽ triage system, point of care ultrasound, Stroke thrombolytic therapy തുടങ്ങിയവയും ഉണ്ട്.

കണ്ണൂർ മെഡിക്കൽ കോളേജ് സർക്കാർ ഏറ്റെടുത്ത് ടി കോളേജിന്റെ ഭരണപരമായ കാര്യങ്ങൾക്ക് 11 തസ്തിക അനുവദിച്ചു. കൂടാതെ 247 ഡോക്ടർമാരുടെയും 521 നേഴ്സിങ് വിഭാഗത്തിലുള്ള ജീവനക്കാരുടെയും തസ്തികയും സൃഷ്ടിച്ചിട്ടുണ്ട്. മറ്റ് മെഡിക്കൽ കോളേജിനെ പോലെ ഈ മെഡിക്കൽ കോളേജിനെയും കൊല്ലം മെഡിക്കൽ കോളേജിനെയും മികവിന്റെ കേന്ദ്രമാക്കാനുള്ള വിപുലമായി നടപടികൾ സ്വീകരിച്ച് വരുന്നു.

എറണാകുളം മെഡിക്കൽ കോളേജിന്റെ മാസ്റ്റർ പ്ലാൻ തയ്യാറാക്കിയിട്ടുണ്ട് . പുതിയ സൂപ്പർ സ്പെഷ്യാലിറ്റി, മാതൃ -ശിശു സംരക്ഷണ വിഭാഗം എന്നിവ ഉൾപ്പെടുന്ന ആശുപത്രി സമുച്ചയം നിർമ്മിക്കുന്നതിനും സ്റ്റാഫ് ക്വാർട്ടേഴ്സ് നും വേണ്ടി അനുവദിച്ച 368.75 കോടി രൂപയുടെ പ്രവൃത്തികൾ കിഫ്ബി വഴി INKEL നടപ്പിലാക്കിവരുന്നു.

**സർക്കാർ മെഡിക്കൽ കോളേജ്, കോന്നി**

2015-2016 അക്കാദമിക് കാലയളവിൽ 100 വിദ്യാർത്ഥികൾക്ക് എം.ബി.ബി.എസ് അഡ്മിഷൻ ലഭിക്കുന്നതിന് കോന്നി സർക്കാർ മെഡിക്കൽ കോളേജിൽ നടപടിക്രമങ്ങൾ ആരംഭിക്കുന്നതിനായി 28.02.2015 ലെ സ.ഉ (കൈ) നം. 37/2015/ആ.കു.വ നമ്പർ സർക്കാർ ഉത്തരവ് പ്രകാരം 83 അദ്ധ്യാപക തസ്തികകളും 2 5 അനദ്ധ്യാപക തസ്തികകളും സൃഷ്ടിക്കുകയുണ്ടായി. സൃഷ്ടിക്കപ്പെട്ട തസ്തികകൾ പ്രൊമോഷൻ/പി.എസ്.സി മുഖേന നികത്തുന്നതിന് നടപടി കൈക്കൊണ്ടിട്ടുണ്ട്. ആശുപത്രിയുടെ സുഗമമായ പ്രവർത്തനത്തിനായി G O (Rt) No. 189/2020/H & FWD dated 05.11.2020 പ്രകാരം 26 അദ്ധ്യാപക തസ്തികകളും, 260 അനദ്ധ്യാപക തസ്തികകളും അധികമായി സൃഷ്ടിച്ചിട്ടുണ്ട് . ഇതിൽ 12 ഓഫീസ് സ്റ്റാഫും, 34 ഫാക്കൽറ്റിസും, 5 നഴ്സിംഗ് സ്റ്റാഫും, 28 സീനിയർ റസിഡന്റുമാരും,ഉൾപ്പെട്ടിട്ടുണ്ട്. കൂടാതെ 17 NHM സ്റ്റാഫും ജോലി ചെയ്തു വരുന്നു. പുതുതായി സൃഷ്ടിക്കപ്പെട്ട 25 പാർട്ട് ടൈം സ്വീപ്പർ തസ്തികകളിൽ 10 എണ്ണം നികത്തുന്നതിന് എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴി നികത്തുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കിടത്തി ചികിത്സ ആരംഭിക്കുന്ന മുറയ്ക്ക് മുഴുവൻ തസ്തികകളും നികത്തുന്നതാണ്. 300 കിടക്കകളുള്ള ആശുപത്രി കെട്ടിടവും അക്കാദമിക് ബ്ലോക്കും പൂർത്തിയാക്കുന്നതിനുള്ള നടപടികളും ഭൗതിക സാഹചര്യങ്ങൾ ഒരുക്കുന്നതിനുള്ള അടിയന്തിര

നടപടികളും കൈക്കൊണ്ടു വരുന്നു. എം.സി.ഐ യുടെ അംഗീകാരം ലഭ്യമാകാത്തതിനാലും ലാബിൻ്റെ പ്രവർത്തനം പൂർണ്ണ തോതിൽ സജ്ജമാകാത്ത സാഹചര്യത്തിലും ടി ജീവനക്കാരെ മറ്റു സർക്കാർ മെഡിക്കൽ കോളേജുകളിൽ ജോലി ക്രമീകരണ വ്യവസ്ഥയിൽ നിയമിക്കുകയുണ്ടായി. കോന്നി സർക്കാർ മെഡിക്കൽ കോളേജിനെ അക്കാദമിക് മെഡിക്കൽ ഇൻസ്റ്റിറ്റ്യൂഷൻ ആയി പ്രഖ്യാപിച്ച് 17.06.2015 ൽ സർക്കാർ വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ ഏലന്തൂരിനെയും ഏനാദി മംഗലത്തിനെയും പഠനത്തിനും ട്രെയിനിങ്ങിനുമുള്ള ആവശ്യത്തിനായി ടി കോളേജുമായി സംയോജിപ്പിച്ച് 01.04.2016 ലെ സ.ഉ (സാധാ) നം. 1041/2016/ആ.കു.വ നമ്പർ സർക്കാർ ഉത്തരവായിട്ടുണ്ട്.

16733 ലക്ഷം രൂപ അടങ്കൽ തുകയിൽ 14223 ലക്ഷം രൂപയുടെ നബാർഡ് ധന സഹായത്തോടെ നിർമ്മാണം നടന്നു വരുന്ന കോന്നി സർക്കാർ മെഡിക്കൽ കോളേജ് ആശുപത്രി കെട്ടിടത്തിൻറെ നിർമ്മാണ പ്രവർത്തനങ്ങൾ നിലവിൽ 95% പൂർത്തികരിച്ചിട്ടുണ്ട് കോന്നി മെഡിക്കൽ കോളേജിന്റെ നിർമ്മാണപ്രവർത്തനങ്ങളുടെ കൺസൽട്ടൻസി M/s. HLL ആണ്. കോന്നി മെഡിക്കൽ കോളജിലെ അക്കാഡമിക് ബ്ലോക്കിൻറെ നിർമ്മാണ പ്രവർത്തനങ്ങൾ 95% നിലവിൽ പൂർത്തീകരിച്ചിട്ടുണ്ട്.

ഫയർടാങ്ക് പമ്പ് റൂം, Entrance gate, ചുറ്റമതിൽ, മാലിന്യ സംസ്കരണ പ്ലാൻറ് തുടങ്ങിയ വിവിധയിനം ജോലികൾക്കായുള്ള 11.91 കോടി രൂപയുടെ പ്രൊപ്പോസൽ സർക്കാരിൻറെ പരിഗണനയിലാണ്. 2.43 കോടി രൂപ ചെലവിൽ കോന്നി മെഡിക്കൽ കോളേജിൽ ഇലക്ട്രിക്കൽ സബ്സ്റ്റേഷൻ നിർമ്മിക്കുന്നതിനാവശ്യമായ ഭരണാനുമതിയ്ക്കായും പ്രസ്തുത തുക അധികമായി അനുവദിക്കുന്നതിനായും സർക്കാരിന് കത്ത് സമർപ്പിച്ചിട്ടുണ്ട്. ഉപകരണങ്ങൾ , ഫർണീച്ചർ എന്നിവ വാങ്ങുന്നതിനും, രണ്ടാംഘട്ട നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തിയാക്കുന്നതിനുമായി KIIFB യിൽ ഉൾപ്പെടുത്തി 351.72 കോടി രൂപയുടെ ഭരണാനുമതി G.O (Rt) No. 1352/2019/H&FWD Dated, 05/06/2019) പ്രകാരം ലഭ്യമായിട്ടുണ്ട് . ഇതിൽ 281.399 കോടി രൂപയുടെ സാമ്പത്തികാനുമതി KIIFB യിൽ നിന്നും തുടർന്ന് ലഭിച്ചിട്ടുണ്ട് .

2020 സെപ്റ്റംബർ മാസത്തിൽ കോന്നി സർക്കാർ മെഡിക്കൽ കോളേജിൽ ഒ.പി സംവിധാനം ആരംഭിച്ചിട്ടുണ്ട്. കോന്നിയിലെ സർക്കാർ മെഡിക്കൽ കോളേജിലെ അക്കാദമിക് ബ്ലോക്കിന്റെയും ആശുപത്രിയുടേയും നിർമ്മാണ പ്രവർത്തനങ്ങളും ഭൗതിക സാഹചര്യങ്ങളും പൂർത്തിയാകുന്ന മുറയ്ക്കും ഒ.പി സൗകര്യം വിപുലമാക്കുന്നതിനുള്ള അധിക തസ്തികകൾ സൃഷ്ടിക്കുന്ന മുറയ്ക്കും കോന്നിയിൽ ഒരു സർക്കാർ മെഡിക്കൽ കോളേജ് ആശുപത്രിയും തുടർന്ന് എം.ബി.ബി.എസ് കോഴ്സും ആരംഭിച്ച് ആധുനിക സൗകര്യങ്ങളുള്ള മെഡിക്കൽ കോളേജിന്റെ പ്രവർത്തനം സാധ്യമാക്കാൻ കഴിയും

**<u>സർക്കാർ മെഡിക്കൽ കോളേജ്, വയനാട്</u>**

വയനാട് ജില്ലയിൽ ഒരു മെഡിക്കൽ കോളേജ് ആരംഭിക്കുന്നതിന് 50 ഏക്കർ ഭൂമി ചന്ദ്രപ്രഭ ചാരിറ്റബിൾ ട്രസ്റ്റ് കേരള സർക്കാരിന് നൽകുകയും അവിടെ അപ്രോച്ച് റോഡ് നിർമ്മിക്കുന്നതിന് നടപടി കൈക്കൊണ്ട് വരികയും ചെയ്യുകയുണ്ടായി. എന്നാൽ, അവിടെ നിർമ്മാണ പ്രവർത്തനങ്ങൾ നടപ്പിലാക്കുവാൻ പാരിസ്ഥിതികാനുമതി ലഭ്യമാകാത്തതിനാൽ അനുയോജ്യമായ മറ്റൊരു സ്ഥലം കണ്ടെത്തുന്നതിന് സർക്കാർ തലത്തിൽ നടപടി കൈക്കൊണ്ട് വരുന്നു. വയനാട്ടിൽ മെഡിക്കൽ കോളേജ് ആരംഭിക്കുന്നതിനായി വൈത്തിരി താലൂക്കിൽ ചുണ്ടേൽ വില്ലേജിൽ 50 ഏക്കർ ഭൂമി ഏറ്റെടുക്കുന്നതിന് G.O (RT) NO. 2391/2019/RD തീയതി: 29/08/2019 പ്രകാരം സർക്കാർ ഉത്തരവായിട്ടുണ്ട്. അതനുസരിച്ച് മേൽപ്പറഞ്ഞ സ്ഥലം ഏറ്റെടുക്കുന്നതിനായി LARR ആക്ട് 2010 ചട്ടം 3 (2) പ്രകാരമുള്ള ഫോറം നമ്പർ (2) അപേക്ഷ വയനാട് ജില്ലാ കളക്ടർക്ക് സമർപ്പിച്ചിരുന്നു. എന്നാൽ "Upgradation of District and General Hospital into Medical Colleges" എന്ന കേന്ദ്ര പദ്ധതിപ്രകാരം മാനന്തവാടി ജില്ലാ ആശുപത്രിയെ അപ്ഗ്രേഡ് ചെയ്തു കേന്ദ്ര ഫണ്ടിന്റെ ലഭ്യത ഉറപ്പാക്കി ആവശ്യമായ സ്ഥാലവും ഏറ്റെടുത്തു

മെഡിക്കൽ കോളേജ് ആരംഭിക്കുന്നതിനുള്ള നടപടികൾ ഇപ്പോൾ ആരംഭിച്ചിട്ടുണ്ട്.

**<u>സർക്കാർ മെഡിക്കൽ കോളേജ്, ഇടുക്കി</u>**

ഇടുക്കിയിലെ പൈനാവിൽ 24.03.2012 തീയതിയിലെ സ.ഉ (കൈ) നം. 98/2012/ആ.കു.വ നമ്പർ സർക്കാർ ഉത്തരവ് പ്രകാരം സർക്കാർ മെഡിക്കൽ കോളേജ് ആരംഭിക്കുവാൻ തീരുമാനിക്കുകയും ഇടുക്കി സർക്കാർ മെഡിക്കൽ കോളേജ് നിർമ്മാണത്തിനായി ഇടുക്കി ജില്ലയിലെ തൊടുപുഴ താലൂക്കിൽ സർവ്വേ നമ്പർ 161/1-ൽ ഉൾപ്പെടുന്ന 40 ഏക്കർ സ്ഥലം ആരോഗ്യകുടുംബക്ഷേമ വകുപ്പിന് കൈമാറുകയുമുണ്ടായി. ഇടുക്കി മെഡിക്കൽ കോളേജിന്റെ നിർമ്മാണ പ്രവർത്തനങ്ങൾക്ക് വേണ്ടി KITCO യ്ക്ക് കരാർ നൽകുകയും ചെയ്തു. അക്കാദമിക്ക് ബ്ലോക്കിന്റെ ഒന്നാം ഘട്ട നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തിയാക്കുകയും പഴയ ആശുപത്രി കെട്ടിടത്തിലെ അറ്റകുറ്റ പണികൾ പൂർത്തീകരിച്ച് 2014 ൽ എം.ബി.ബി.എസ് ആദ്യ ബാച്ച് 50 കുട്ടികൾക്ക് പ്രവേശനം നൽകുകയും, 2015 ൽ എം.ബി.ബി.എസ് രണ്ടാം ബാച്ചിന് പ്രവേശനം നൽകുകയും ചെയ്തു. ഇടുക്കി മെഡിക്കൽ കോളേജിലെ അപര്യാപ്തതകൾ കാരണം എം.സി.ഐ യുടെ തുടർ അംഗീകാരം ലഭിക്കാതിരുന്ന സാഹചര്യത്തിൽ 2014-15, 2015-16 ബാച്ചിലെ മുഴുവൻ വിദ്യാർത്ഥികളെയും മറ്റുപല സർക്കാർ മെഡിക്കൽ കോളേജുകളിലേക്ക് മാറ്റുകയുണ്ടായി.

6017 ലക്ഷം രൂപയുടെ അടങ്കൽ തുകയിൽ 4854.4 ലക്ഷം രൂപയുടെ നബാർഡ് ധനസഹായത്തോടെ പണികൾ ആരംഭിച്ചിട്ടുള്ള ഇടുക്കി മെഡിക്കൽ കോളേജാശുപത്രി കെട്ടിടത്തിൻറെ പണികൾ നിലവിൽ 54% ജോലികൾ പൂർത്തികരിച്ചിട്ടുണ്ട്. അക്കാദമിക് ബ്ലോക്കിൻറെ നിർമ്മാണം 96% നിലവിൽ പൂർത്തീകരിച്ചിട്ടുണ്ട്. റെസിഡൻഷ്യൽ സംവിധാനം ഏർ പ്പെടുത്തുന്നതിലേക്കായി Electrification, fire fighting, Civil, mechanical ജോലികൾകൾക്കായി 9840 ലക്ഷം രൂപയുടെ ഭരണാനുമതി സർക്കാരിൽ നിന്നും ലഭ്യമായിട്ടുണ്ട്. അക്കാഡമിക് ബ്ലോക്ക്, ലൈബ്രറി ബ്ലോക്ക്, സ്റ്റാഫ് ക്വാർട്ടേഴ്സ് തുടങ്ങിയവയുടെ നിർമ്മാണത്തിനായി കൺസൾട്ടൻസി തുകയടക്കം 21.33 കോടി രൂപയുടെ ശുപാർശ സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്. മാലിന്യ സംസ്ക്കരണ പ്ലാന്റ്, റോഡ് - സംരക്ഷണ ഭിത്തി, ജലവിതരണ സംവിധാനം എന്നിവയുടെ നിർമ്മാണത്തിനുള്ള ഭരണാനുമതിയ്ക്കായി പ്രൊപോസൽ സർക്കാരിൽ സമർപ്പിച്ചിട്ടുണ്ട്.

2019-2020 അദ്ധ്യയന വർഷത്തേക്കുള്ള എം.ബി.ബി.എസ് അഡ്മിഷന് വേണ്ടി സാമ്പത്തിക ഉപകരണങ്ങൾ, കെട്ടിടം, ജീവനക്കാരുടെ നിയമനം എന്നിവ സമയബന്ധിതമായി നൽകും എന്ന കാണിച്ച് കേരള സർക്കാർ ഇന്ത്യൻ മെഡിക്കൽ കൌൺസിലിനു സർട്ടിഫിക്കേറ്റ് ഓഫ് അണ്ടർടേക്കിംഗ് സമർപ്പിക്കുയും ആയതിന്റെ അടിസ്ഥാനത്തിൽ 03.12.2018, 04.12.2018 എന്നീ ദിവസങ്ങളിൽ എം.സി.ഐ ഇൻസ്പെക്ഷൻ നടത്തുകയും എം.സി.ഐ ചൂണ്ടിക്കാണിച്ച 21 പോരായ്മകളിൽ ഏറെക്കുറെ പരിഹരിച്ച്, കംപ്ലയൻസ് റിപ്പോർട്ട് തയ്യാറാക്കി ബാക്കിയുള്ള പോരായ്മകൾ സമയബന്ധിതമായി പരിഹരിക്കാമെന്ന് സമ്മതപത്രം സഹിതം കംപ്ലയൻസ് റിപ്പോർട്ട് 17.05.2019 ന് ഡി.എം.ഇ നേരിട്ട് ഹാജരായി സമർപ്പിച്ചു.

2020-21 അദ്ധ്യയന വർഷത്തിൽ എം.ബി.ബി.എസ് കോഴ്സ് പുനരാരംഭിക്കുന്നതിനായി സർക്കാർ സർട്ടിഫിക്കറ്റ് ഓഫ് അണ്ടർടേക്കിംഗ് പ്രിൻസിപ്പലിന് നൽകുകയും 06.07.2019 ൽ ലെറ്റർ ഓഫ് പെർമിഷനുള്ള അപേക്ഷ സഹിതം എം.സി.ഐ യ്ക്ക് സമർപ്പിക്കുകയും ടി അപേക്ഷ എം.സി.ഐ സ്വീകരിച്ചതായും അറിയിപ്പ് ലഭിച്ചു. ഇടുക്കി സർക്കാർ മെഡിക്കൽ കോളേജിൽ അദ്ധ്യാപക അനദ്ധ്യാപക ഡോക്ടർമാർ ഇതര ജീവനക്കാർ എന്നിവരുടെ അഭാവം പരിഹരിക്കുന്നതിനായി താഴെ പറയുന്ന നടപടികൾ കൈക്കൊണ്ടിട്ടുണ്ട്.

97 അദ്ധ്യാപക തസ്തികകളും 52 അനദ്ധ്യാപക തസ്തികകളും സൃഷ്ടിച്ച് ഉത്തരവായിട്ടുണ്ട്. കൂടാതെ 82 തസ്തികകൾ ഔട്ട് സോഴ്സിംഗ് മുഖേന നികത്തുന്നതിനും 16 അദ്ധ്യാപക തസ്തികകൾ മറ്റു സർക്കാർ മെഡിക്കൽ കോളേജുകളിൽ നിന്നും മാറ്റി സ്ഥാപിക്കുകയും, ഇവ നികത്തുന്നതിനുള്ള

അടിയന്തിര നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. ഇതിനു പുറമേ എം.സി.ഐ മാനദണ്ഡം നിലനിർത്തുന്നതിനും ആശുപത്രിയുടെ സുഗമമായ പ്രവർത്തനത്തിന് അത്യാവശ്യം വേണ്ടുന്ന 30 അധ്യാപക തസ്തികകൾ സൃഷ്ടിക്കുന്നതിനുള്ള പ്രൊപ്പോസൽ സർക്കാരിനു സമർപ്പിക്കുകയും അയതിന്മേൽ സർക്കാർ തലത്തിൽ തുടർ നടപടികൾ കൈക്കൊണ്ടുവരുകയുമാണ്. കൂടാതെ, 31 സീനിയർ റസിഡന്റുമാരെയും ഇടുക്കി ജില്ലാ ആശുപത്രിയിലെ ആരോഗ്യവകുപ്പിന് കീഴിലുള്ള 31 ഡോക്ടർമാരെ ഡീംഡ് ഡെപ്യൂട്ടേഷൻ മുഖേനയും നിയമിക്കുകയുണ്ടായി. ഒൻപത് അദ്ധ്യാപകരെ സ്ഥലംമാറ്റത്തിലൂടെയും രണ്ട് അദ്ധ്യാപകരെ ജോലി ക്രമീകരണ വ്യവസ്ഥയിലും നിയമിക്കുകയുണ്ടായി.

2020-21 അദ്ധ്യയന വർഷത്തിൽ ഇടുക്കി മെഡിക്കൽ കോളേജിൽ എം.ബി.ബി.എസ് പുനരാരംഭിക്കുന്നതിനുള്ള അംഗീകാരം (Letter of Permission) ലഭിക്കുന്നതിനായുള്ള അപേക്ഷ എം.സി.ഐ യ്ക്ക് സമർപ്പിക്കുകയും 28.11.2019, 29.11.2019 എന്നീ തീയതികളിൽ എം.സി.ഐ ഇൻസ്പെക്ഷൻ നടത്തുകയും തുടർന്ന് പ്രധാനപ്പെട്ട 7 (ഏഴ്) അപര്യാപ്തതകളും 10 അനുബന്ധ അപര്യാപ്തതകളും 15.01.2020 ലെ കത്ത് പ്രകാരം ചൂണ്ടിക്കാട്ടുകയും അത് ഏറെക്കുറെ പരിഹരിക്കുന്നതിനുള്ള നടപടി കൈക്കൊണ്ടും പര്യാപ്തമായ സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനുമുള്ള നടപടി സ്വീകരിച്ചു വരുന്നു. 13.02.2020 ൽ എം.സി.ഐ യ്ക്ക് കംപ്ലയൻസ് റിപ്പോർട്ട് സമർപ്പിച്ച് കംപ്ലയൻസ് ഇൻസ്പെക്ഷൻ പ്രതീക്ഷിച്ചിരിക്കുകയാണ്. 2020-21 അദ്ധ്യയന വർഷത്തിൽ ഇടുക്കി സർക്കാർ മെഡിക്കൽ കോളേജിൽ എം.ബി.ബി.എസ് കോഴ്സ് പുനരാരംഭിക്കുന്നതിനുള്ള അംഗീകാരം ലഭ്യമാകുന്ന മുറയ്ക്ക് 50 എം.ബി.ബി.എസ് സീറ്റിൽ അഡ്മിഷൻ സാധ്യമാകുകയും, അതുമൂലം നിലവിലുള്ള സൗകര്യങ്ങൾ കൂടുതൽ മെച്ചപ്പെടുത്തി ഇടുക്കി ജില്ലയിലെയും സമീപ പ്രദേശങ്ങളിലെയും സാധാരണ ജനങ്ങൾക്ക് മെച്ചപ്പെട്ട ചികിത്സയും സർക്കാർ ചെലവിൽ 50 കുട്ടികൾക്ക് എം.ബി.ബി.എസ് പഠനത്തിനു അഡ്മിഷൻ നൽകുവാനും സാധിക്കും. വിദ്യാർത്ഥികൾക്കുള്ള ഹോസ്റ്റൽ, അദ്ധ്യാപക - അനദ്ധ്യാപക ജീവനക്കാരുടെ ക്വാർട്ടേഴ്സ് എന്നിവ പണിയുന്നതിനായി G.O (Rt) No. 2997/2017/H&FWD, Dated, 30/10/17 പ്രകാരം 92,14,05,055/- കോടി രൂപയുടെ ഭരണാനുമതി ലഭ്യമായിട്ടുണ്ട് . 03/09/2019 - ൽ ആരംഭിച്ച പണികൾ നിലവിൽ 30% പൂർത്തിയായിട്ടുണ്ട്. ഇടുക്കി മെഡിക്കൽ കോളേജ് ആശുപത്രിയിൽ 2020 ആഗസ്റ്റ് മാസം മുതൽ ഒ.പി വിഭാഗം പ്രവർത്തിച്ചു വരുന്നു.

**സർക്കാർ മെഡിക്കൽ കോളേജ്, കാസർഗോഡ്**

കാസർഗോഡ് ജില്ലയിലെ ബദിയടുക്കയിൽ പുതിയ മെഡിക്കൽകോളേജ് സ്ഥാപിക്കുന്നതിനായി G O (MS) No. 98/2012/H & FWD dated 24.03.2012 എന്ന സർക്കാർ ഉത്തരവ് പ്രകാരം ഭരണാനുമതി നൽകുകയും നബാർഡിന്റെ ധനസഹായത്തോടുകൂടി 95.0875 കോടി രൂപയുടെ അടങ്കൽ തുകയിൽ ആശുപത്രി കെട്ടിടം പണിയാൻ GO (MS) No.2224 / 17 / H &FWD ഡേറ്റഡ് 08 .08 .2017 പ്രകാരം സർക്കാർ ഭരണാനുമതി നൽകി കാസർഗോഡ് മെഡിക്കൽ കോളേജിന്റെ അക്കാഡമിക് ബ്ലോക്കിന്റെയും അനുബന്ധസൗകര്യങ്ങളുടെയും നിർമാണത്തിന് കാസർഗോഡ് വികസന പാക്കേജിൽ ഉൾപ്പെടുത്തിയാണ് നടത്തുന്നത്. അക്കാഡമിക് ബ്ലോക്കിന്റെ നിർമാണം, ഇലക്ട്രിക്ക് വർക്കുകൾ, എലിവേറ്റർ സംവിദാനം, വെന്റിലേഷൻ സംവിധാനം, ഹോസ്പിറ്റൽ, ക്വാർട്ടേഴ്സ് എന്നിവയുടെ നിർമാണം എന്നിവക്കായി 68 .2821 കോടി രൂപയുടെ ഭരണാനുമതിയും ലഭിച്ചിരുന്നു. അക്കാദമിക് ബ്ലോക്കിന്റെയും ആശുപത്രി കെട്ടിടത്തിന്റേയും നിർമ്മാണം ആരംഭിക്കുകയും അക്കാദമിക് ബ്ലോക്കിന്റെ നിർമ്മാണം പൂർത്തിയായതിനെത്തുടർന്നു കോവിഡ് മഹാമാരി പടർന്നുപിടിച്ചതിന്റെ വെളിച്ചത്തിൽ ടി ബ്ലോക്കിൽ NHM മിന്റെ സഹായത്തോടെ കോവിഡ് ആശുപത്രി ആരംഭിക്കുകയും 06 .04 .2020 മുതൽ ഐ.പി സേവനം ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്. സെൻട്രലൈസിഡ് ഓക്സിജൻ പ്ലാന്റും വെന്റിലേറ്റർ സൗകര്യങ്ങളോട് കൂടിയ ഐ.സി.യു വും സ്ഥാപിച്ച് പ്രവർത്തിച്ചുവരുന്നു. ഇതോടൊപ്പം ഫാർമസി, ലാബ്, റേഡിയോളജി ഡിപ്പാർട്ട്മെന്റുകളും പ്രവർത്തിച്ചുവരുന്നു. ആശുപത്രി ബ്ലോക്കിന്റെ നിർമ്മാണം 50% പൂർത്തിയായി. കാസർഗോഡ് മെഡിക്കൽ കോളേജിന്റെ പ്രവർത്തനം ആരംഭിക്കുന്നതിനായി 09.04.2020 ലെ

G.O (MS) No. 62/2020/H&FWD എന്ന സർക്കാർ ഉത്തരവ് പ്രകാരം വിവിധ വിഭാഗങ്ങളിലായി 273 തസ്തികകൾ സൃഷ്ടിക്കുകയും ഇതിൽ 50% ജീവനക്കാരെ നിയമിക്കാൻ അനുമതി നൽകുകയും ചെയ്തതിന്റെ വെളിച്ചത്തിൽ 82 തസ്തികകളിൽ നിയമനം നടത്തുകയും ബാക്കി തസ്തികകളിൽ നിയമനം നടത്തുന്നതിനുള്ള നടപടികൾ നടന്നുവരുന്നു. കാസർഗോഡ് മെഡിക്കൽ കോളേജിന്റെ നിർമ്മാണവ പ്രവൃത്തികൾ പൂർത്തിയാവുകയും മറ്റ് ഭൗതീക സാഹചര്യങ്ങൾ പൂർത്തിയാകുന്ന മുറയ്ക്ക് എല്ലാ ആധുനിക സൗകര്യങ്ങളുമുള്ള മെഡിക്കൽ കോളേജിന്റെ പ്രവർത്തനം ആരംഭിക്കാൻ കഴിയുന്നതാണ്.

കഴിഞ്ഞ അഞ്ചു വർഷകത്തിനകം മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിലെ വിവിധ സ്ഥാപനങ്ങളിലെ സൗകര്യങ്ങൾ വർധിപ്പിക്കുന്നതിനായി വിവിധ വിവിഭാഗങ്ങളിലായി ആകെ 3309 തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്.

ഡയറക്ടർ

സെക്ഷൻ ഓഫീസർ

# KIIFB WORKS

അനുബന്ധം – III

| Sl. No. | District | Name of institution |
|---|---|---|
| 1 | Kannur | DH, Kannur- Phase I works |
| 2 | Ernakulam | GH, Ernakulam |
| 3 | Kollam | TH, Punalur |
| 4 | Alappuzha | TH, Chettikad |
| 5 | Idukki | TH, Nedungandom |
| 6 | Trivandrum | TH, Chirayinkeezhu |
| 7 | Kottayam | GH, Kottayam |
| 8 | Alappuzha | DH, Mavelikkara |
| 9 | Kollam | TH, Karunagapally |
| 10 | Ernakulam | Govt. Maharajas Taluk Hospital, Karuvelippady. |
| 11 | Kottayam | Taluk Hospital, Vaikom |
| 12 | Kollam | DH, Kollam |
| 13 | Kollam | Govt. Victoria hospital for Women & Children, Kollam |
| 14 | Kollam | TH, Kottarakara |
| 15 | Kollam | TH, Kundara |
| 16 | Alappuzha | OP block - General Hospital, Alappuzha |
| 17 | Kannur | Speciality Hospital, Mattannur |
| 18 | Kannur | Taluk Hospital, Payyannur |
| 19 | Palakkad | Taluk Hospital, Chittur |

| | | |
|---|---|---|
| 20 | Kozhikkode | Taluk Hospital, Perambra |
| 21 | Alappuzha | District Hospital, Chengannur |
| 22 | Pathanamthitta | Taluk Hospital, Mallappally |
| 23 | Idukki | CHC Chithirapuram |
| 24 | Kolam | TH Pathanapuram |
| 25 | Alappuzha | Taluk Hospital Pulinkunnu |
| 26 | Alappuzha | Taluk HospitL Kayamkulam |
| 27 | State wide | 10 Cathlabs & 44 dialysis centres |
| 28 | KANNUR | TALUK HOSPITAL PERAVOOR |
| 29 | Kozhikode | Taluk Hospital, Feroke |
| 30 | Thiruvananthapuram | Taluk Hospital, Malayinkeezhu |
| 31 | THRISSUR. | M.H.C THRISSUR. |
| 32 | Malappuram | TH, Tirur |
| 33 | KOZHIKKODE | TH BALUSSERI |
| 34 | Kozhikode | TH Koyilandi |
| 35 | Thiruvananthapuram | GH Thiruvananthapuram |

| | | |
|---|---|---|
| 36 | Kannur | TH Iritty |
| 37 | Kollam | TH Neendakara |
| 38 | Alappuzha | TH Thuravoor |
| 39 | Thiruvananthapuram | TH Parassala |
| 40 | Alappuzha | TH Cherthala |
| 41 | THRISSUR | TH Kunnamkulam |
| 42 | KOZHIKKODE | TH BEACH HOSPITAL |
| 43 | MALAPPURAM | TALUK HOSPITAL PONNANI |
| 44 | WAYANAD | TALUK HOSPITAL KALPETTA |
| 45 | MALAPPURAM | TALUK HOSPITAL THIRURANGADI |
| 46 | MALAPPURAM | TH PERINTHALMANNA |
| 47 | KASARGOD | TH MANGALPPADI |
| 48 | KASARGOD | TALUK HOSPITAL NEELESWARAM |
| 49 | IDUKKI | TALUK HOSPITAL PEERUMED |
| 50 | IDUKKI | TALUK HOSPITAL .KATTAPPANA |
| 51 | IDUKKI | TALUK HOSPITAL ADIMALI |
| 52 | KASARGOD | TALUK HOSPITAL BEDADKA |

| | | |
|---|---|---|
| 53 | PALAKKAD | TALUK HOSPITAL OTTAPPALAM |
| 54 | PALAKKAD | TALUK HOSPITAL PATTAMBI |
| 55 | PALAKKAD | DISTRICT HOSPITAL PALAKKAD |
| 56 | KOTTAYAM | TALUK HOSPITAL KURUVILANGADU |
| 57 | KANNUR | TALUK HOSPITAL PANOOR |
| 58 | PATHANAMTHITTA | TALUK HOSPITAL KOZHANCHERI |
| 59 | PATHANAMTHITTA | TALUK HOSPITAL-RANNI |

## NABARD WORKS

| | | |
|---|---|---|
| 1 | MALAPPURAM | CHC URNGATTIRI |
| 2 | KOTTAYAM | TALUK HOSPITAL VAIKKOM |
| 3 | KOZHIKKODE | TALUK HOSPITAL VADAKARA |
| 4 | KOTTAYAM | TALUK HOSPITAL THIRUVALLA |
| 5 | IDUKKI | TALUK HOSPITAL THODUPUZHA |
| 6 | MALAPPURAM | DISTRICT HOSPITAL TIRUR |
| 7 | WAYANAD | DISTRICT HOSPITAL MANANTHAVADI |
| 8 | WAYANAD | TALUK HOSPITAL SULTHAN BATHERI |
| 9 | ALAPPUZHA | LEPROSY SANATORIUM , NOORANAD |
| 10 | WAYANAD | TALUK HOSPITAL VYTHIRI |
| 11 | KANNUR | CHC CHAKKARAKKAL |
| 12 | KANNUR | TALUK HOSPITAL , KOOTHUPARAMBA |
| 13 | THRISSUR | TALUK HOSPITAL , CHALAKKUDI |
| 14 | THRISSUR | CHC ERUMAPPETTI |
| 15 | KOZHIKKODE | CHC OORKKATTERI |
| 16 | KOZHIKKODE | TALUK HOSPITAL THAMARASSERI |

സെക്ഷൻ ഓഫീസർ